MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
Book : 33 Volume : 5

MAY 2012

## ഉള്ളടക്കം


1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3. ഇടയലേഖനം ........ 06
4 വിജ്ഞാപനം ........ 12
5 വിജ്ഞാപനം ........ 15
6 അൽമായ പ്രേഷിതത്വം ........ 17
7 മതബോധനം ........ 20
8 ബ്ലസ് എ ഹോം ........ 24
9 സഭാവാർത്തകൾ ........ 26
10 **സംഘടനാവാർത്തകൾ**
കെ.സി.വൈ.എം. ........ 28
കരിസ്മാറ്റിക് മൂവ്മെന്റ് ........ 29
സോഷ്യൽ ആക്ഷൻ ........ 30
അവാർഡ് ........ 32
സാൻജോ സദൻ ........ 34
സ്പിരിച്ചാലിറ്റി സെന്റർ ........ 35
ബി.എൽ.എം. ധ്യാനകേന്ദ്രം ........ 36
സി.എൽ.സി. ........ 37
ചെറുപുഷ്പം മിഷൻ ലീഗ് ........ 38
സെന്റ് പോൾസ് മൈനർ സെമിനാരി ........ 39
തെരട്ട് 2010–2011 ........ 40
അൾത്താരബാലസംഘം ........ 41
11 ഇടയന്റെ നാളെകൾ ........ 42
12 ഇടയന്റെ ഇന്നലെകൾ ........ 43

# ഇടയശബ്ദം



*പ്രിയ വൈദികസുഹൃത്തുക്കളെ, സ്നേഹമുള്ള സമർപ്പിതരെ, വാത്സല്യ സഹോദരീസഹോദരന്മാരേ,*

കുടുംബകൂട്ടായ്മാവർഷത്തിന്റെ സമാപനത്തിൽ നാം പ്രഖ്യാപിച്ചൊരു കാര്യമാണ് നമ്മുടെ കത്തോലിക്കാ കൂട്ടായ്മയിൽനിന്നും അകന്നു പോയവർ തെറ്റു തിരുത്തി മനസ്തപിച്ച് തിരിച്ചു വന്നാൽ സ്നേഹത്തോടെ സ്വീകരിക്കുവാൻ നാം തയ്യാറാണ് എന്നത്. നഷ്ടപ്പെട്ടതിനെ തേടി വന്ന ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ തെറ്റിദ്ധാരണകൊണ്ടോ അജ്ഞത കൊണ്ടോ കത്തോലിക്കാ വിശ്വാസത്തിൽനിന്ന് അകന്നുപോയവരെ, തെറ്റുകൾ തിരുത്തി മനസ്തപിച്ച് തിരിച്ചുവന്നാൽ രണ്ടുകൈയും നീട്ടി സ്വീകരിക്കുവാൻ സന്നദ്ധരാണ് നാം. തെറ്റുപറ്റുക സ്വാഭാവികമാണ് അത് തിരുത്തുക ദൈവീകവും അപ്രകാരം പ്രവർത്തിക്കുന്നവരുടെ ജീവിതത്തിൽ ദൈവത്തിന്റെ ശക്തമായ ഇടപെടലുകൾ ഉണ്ടാകുന്നത് നമുക്ക് കാണുവാൻ കഴിയും. സക്കേവൂസും പാപിനിയായ സ്ത്രീയും പത്രോസും സാവൂളും ഇത്തരുണത്തിൽ നമുക്ക് മാതൃകകളാണ്. തിരിച്ചറിഞ്ഞ് തിരിച്ചു നടക്കുന്നവരെ ആശ്ലേഷിച്ച് സ്വീകരിക്കുന്നവനാണ് നമ്മുടെ തമ്പുരാൻ എന്ന് ധൂർത്തപുത്രന്റെ ഉപമയിലൂടെ നമ്മെ പഠിപ്പിക്കുന്നു. മനസ്തപിച്ച് തിരിച്ചു നടക്കുവാൻ വിസ്മരിച്ച യൂദാസ് സ്കറിയാത്തയുടെ ജീവിതത്തിലുണ്ടായ ദുരന്തം നമ്മുടെ കണ്ണുകളെ തുറപ്പിക്കട്ടെ.

ആകർഷകമായ പഠനങ്ങളിലും തെറ്റിദ്ധരിപ്പിക്കുന്ന പ്രബോധനങ്ങളിലും ലൗകികവും അർത്ഥശൂന്യവുമായ കെട്ടുകഥകളിലും പൈശാചിക പ്രലോഭനങ്ങളിലുംപെട്ട് വിശ്വാസത്തിൽനിന്ന് വ്യതിചലിച്ചവർ കാലാകാലങ്ങളിൽ സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. പൗലോസ് ശ്ലീഹ തിമോത്തിയോസിനെ ഓർമ്മപ്പെടുത്തതുപോലെ ആരെങ്കിലും ഇതിൽനിന്നും വ്യത്യസ്തമായി പഠിപ്പിക്കുകയോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ യഥാർത്ഥ വചനങ്ങളോടും ദൈവികഭക്തിക്കു ചേർന്ന പ്രബോധനങ്ങളോടും യോജിക്കാതിരിക്കുകയോ ചെയ്താൽ

അവൻ അഹങ്കാരിയും അജ്ഞനുമാണ്. എല്ലാറ്റിനെയും ചോദ്യം ചെയ്യാനും വാക്കുകളെച്ചൊല്ലി തർക്കിക്കാനുമുള്ള ദുർവാസനയ്ക്കും വിധേയനാണവൻ. ഇതിൽനിന്ന് അസൂയയും വഴക്കും അപവാദവും ദുസംശയങ്ങളും ഉണ്ടാകുന്നു. ദുഷിച്ച മനസ്സുള്ളവരും സത്യബോധമില്ലാത്തവരും ദൈവഭക്തി ധനലാഭത്തിനുള്ള മാർഗ്ഗമാണെന്ന് കരുതുന്നവരുമായ മനുഷ്യർ തമ്മിലുള്ള തുടർച്ചയായ വാദകോലാഹലങ്ങളും ഇതിന്റെ ഫലമത്രെ!. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ് (തിമോ. 6:3–6).

ഈശോ ഇവരെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്. “ഇതാ ക്രിസ്തു ഇവിടെ അല്ലെങ്കിൽ അവിടെ എന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്. കാരണം കള്ളക്രിസ്തുമാരും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും ചെയ്യും. ഇതാ ഞാൻ മുൻകൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അവൻ മരുഭൂമിയിലുണ്ടെന്ന് അവർ പറഞ്ഞാൽ നിങ്ങൾ പുറപ്പെടരുത്. അവൻ മുറിക്കുള്ളിലാണ് എന്ന് പറഞ്ഞാലും നിങ്ങൾ വിശ്വസിക്കരുത്” (മത്താ. 24:23 –26).

എന്നാൽ ദൈവിക മനുഷ്യരായ നാം ഇവയിൽനിന്നൊക്കെ ഓടിയകലണം. തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജനിക്കുന്നവരായി ക്രിസ്തുവിന് ശുശ്രൂഷ ചെയ്യണം. വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുകയും നിത്യജീവനെ മുറുകെ പിടിക്കുകയും ചെയ്യുക. ഇപ്രകാരമുള്ള ജീവിതശൈലിയിലേക്ക് തിരിച്ചു വരുവാൻ കത്തോലിക്കാ കൂട്ടായ്മയിൽനിന്ന് വ്യതിചലിച്ച് വിവിധ സെക്ടുകളിലേക്ക് വഴിതെറ്റി പോയവരോട് തിരിച്ചുവരുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. അവർ തെറ്റുതിരുത്തി മനസ്തപിച്ച്തിരിച്ചുവരുമ്പോൾ നഷ്ടപ്പെട്ട പുത്രനെ തിരിച്ചു കിട്ടിയതിലുള്ള സന്തോഷത്തോടെ നമുക്ക് സ്വീകരിക്കാം. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ സഹായം നമുക്കേവർക്കും ലഭിക്കട്ടെ.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യട്ടെ.

ഇരിങ്ങാലക്കുട
25. 04. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

1 **Appointments**

**Rev. Fr. Jaison Karippai :** Relievd from all the offices of the Eparchy and granted leave for three years to do pastoral ministry in the Archdiocese of Birmingham, U.K. with effect form 02. 05. 2012.

**Rev. Fr. Vincent Pangola :** Appointed Vicar, St. Mary's Church, Thottippal with effect from 02. 05. 2012.

2. **തൊഴിലാളി ദിനം – മെയ് 1**

ഇടവകകളിൽ തൊഴിലാളിദിനത്തിന്റെ ഭാഗമായി മെയ് 6 ഞായറാഴ്ച സ്തോത്രകാഴ്ച എടുത്ത്, മെയ് 30ന് മുൻപ് സംഖ്യ രൂപതാ ഫൈനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

3. **മാസധ്യാനം :** മെയ് മാസത്തെ മാസധ്യാനം രൂപതാ ഭവനത്തിൽവച്ച് 10–ാം തിയ്യതി കാലത്ത് 10 മണിക്ക് ആരംഭിക്കും.

4. **വൈദിക വസ്ത്രസ്വീകരണം – മെയ് 12**

തത്വശാസ്ത്രപഠനവും ഒരു വർഷത്തെ റീജൻസിയും പൂർത്തിയാക്കിയതിനുശേഷം നമ്മുടെ 14 ബ്രദേഴ്സ് സമർപ്പണത്തിന്റെ പ്രതീകമായ വൈദികവസ്ത്രം മെയ് 12 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സെന്റ് പോൾസ് മൈനർ സെമിനാരി ചാപ്പലിൽവച്ച് സ്വീകരിക്കുന്നതാണ്. അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.

**ബ്രദേഴ്സ് : ആലപ്പാട്ട് റിജോ** (കാട്ടൂർ), **ചക്കാലക്കൽ അരുൺ** (മേലഡൂർ), **കല്ലേലി അലക്സ്** (കുറ്റിക്കാട് ഫൊറോന), **മേച്ചേരി ടിനോ** (ചെമ്മണ്ട), **പയ്യപ്പിള്ളി ജിൽസൻ** (മാള ഫൊറോന), **പയ്യപ്പിള്ളി റിന്റോ** (പുത്തൻചിറ ഈസ്റ്റ്), **ചെരടായി ജോമിൻ** (ചായ്പൻകുഴി), **ചിറ്റിലപ്പിള്ളി ലിജോ** (അവിട്ടത്തൂർ), **കോലങ്കണ്ണി അനൂപ്** (കൊന്നക്കുഴി), **ഞാറേക്കാടൻ ടിന്റോ** (മേട്ടിപ്പാടം), **തട്ടിൽകുരുവിള മിൽട്ടൻ** (എടത്തിരുത്തി ഫൊറോന), **പറപ്പുള്ളി ഫ്രാങ്കോ** (കടുപ്പശ്ശേരി), **താനാടൻ ഫ്രാൻസൻ** (കൊടകര ഫൊറോന), **തെക്കിനിയത്ത് റിന്റോ** (പുത്തൻവേലിക്കര)

5 **തെരട്ട് ഫീസ് :** 2010–11 ലെ തെരട്ട്ഫീസ് അടച്ചു തീർക്കാത്ത ചുരുക്കം ചില പള്ളികളുണ്ട്. ഈ വർഷത്തെ തെരട്ട് കൊണ്ടുവരുന്നതിനു മുൻപ് കണക്കുകൾ തീർക്കുമല്ലോ.

**6 വിവാഹക്കേസ് സംബന്ധിച്ച്**

a) വിവാഹത്തർക്കങ്ങളും പ്രശ്നങ്ങളും വികാരിയച്ചന്റെ നേതൃത്വത്തിൽ ചർച്ചചെയ്ത് പരിഹരിക്കാനും അനുരഞ്ജനം സാധ്യമാക്കാനും ശ്രദ്ധിക്കണം.

b) വിവാഹക്കോടതിയിൽനിന്നുള്ള അറിയിപ്പുകളും മറ്റും വികാരി യഥാസമയം കക്ഷികൾക്കും സാക്ഷികൾക്കും നൽകി വിവാഹക്കോടതിയോട് അവരെ സഹകരിപ്പിക്കാൻ ശ്രദ്ധിക്കണം. ആവശ്യമായ സർട്ടിഫിക്കറ്റുകൾ കൊടുത്തയയ്ക്കണം.

c) വിവാഹക്കോടതിയിലേക്ക് വിളിപ്പിക്കുന്നവർക്ക് വികാരിയച്ചൻ സാക്ഷ്യപത്രം കൊടുത്തയയ്ക്കണം. സ്വഭാവം, മതാത്മകജീവിതം, മൊഴികളുടെ വിശ്വസനീയത തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വികാരിയച്ചന്റെ റിപ്പോർട്ട് കോടതി ഗൗരവമായി പരിഗണിക്കും.

d) രൂപതാകോടതി കേസ് സംബന്ധിച്ച് വിധി പ്രസ്താവിച്ചാലും സഭയിലെ മേൽക്കോടതി ആ വിധിന്യായം സ്ഥിരീകരിക്കുമ്പോഴേ അന്തിമ തീർപ്പാകുന്നുള്ളൂ.

e) സഭാകോടതിയിൽനിന്നും വിവാഹം അസാധുവായി പ്രഖ്യാപിച്ച് ലഭിച്ചിട്ടുള്ള കല്പനയിൽ മറ്റൊരു വിവാഹത്തിന് മുൻപ് രൂപതാധികാരിയുടെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ആ കല്പന കൂടി ലഭിച്ചതിനുശേഷമേ പുതിയ വിവാഹം അനുവദിക്കാവൂ.

ഇരിങ്ങാലക്കുട **മോൺ. ജോസ് ഇരിമ്പൻ**
24. 04. 2012 വികാരി ജനറാൾ

---


## ജീസസ് ട്രെയിനിംഗ് കോളേജ്, മാള

2012–2013 അദ്ധ്യയനവർഷ വിദ്യാർത്ഥികളുടെ പ്രവേശനം ആരംഭിച്ചിരിക്കുന്നു. യോഗ്യത : ബിരുദതലത്തിൽ 50% മാർക്ക്.

കൂടുതൽ വിവരങ്ങൾക്ക് : 04802891245, 9526563616

### ആവേമരിയ ടി.ടി.ഐ.

2012–2014 അധ്യയനവർഷത്തെ ടി.ടി.ഐ. വിദ്യാർത്ഥികളുടെ പ്രവേശനം മാള ജീസസ് ട്രെയിനിംഗ് കോളേജ് ക്യാമ്പസ്സിൽ ആരംഭിച്ചിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് : 0480 2891245, 9526563616, 9946106595

366/12
25.04.2012

# ഇടയലേഖനം

## വിവാഹം : രക്ഷാകരമായ വിളിയും ദൗത്യവും

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും*
*ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ രൂപതയിലെ*
*ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ*
*സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

യേശുവിൽ പ്രിയ ബഹു. വൈദികരെ, സന്യാസിനീസന്യാസികളെ, പ്രിയ മക്കളെ,

വിവാഹവും കുടുംബജീവിതവും ദൈവത്തിന്റെ വിളിയാണ്. ദൈവികപദ്ധതിയുടെ ഭാഗമാണ്. ഈ ലോകജീവിതത്തിൽ സ്ത്രീ–പുരുഷന്മാർ ജീവിതത്തിന്റെ അർത്ഥവും പൂർണ്ണതയും കണ്ടെത്തുന്നത് അവരുടെ പരസ്പര ഐക്യത്തിലും കൂട്ടായ്മയിലുമാണ്. ആയതിനാൽ, ലൈംഗിക വ്യത്യാസമുണ്ടെങ്കിലും സ്ത്രീക്കും പുരുഷനും തുല്യമൂല്യവും സ്ഥാനവുമാണുള്ളത്. കാരണം രണ്ടുപേർക്കും ദൈവത്തിന്റെ ഛായയാണുള്ളത് (ഉല്പ. 1:27;2:28) ക്രിസ്തു വിവാഹത്തെ ഒരു കൂദാശയാക്കി ഉയർത്തിയിരിക്കുന്നു. വൈവാഹിക ജീവിതത്തിന്റെ ശ്രേഷ്ഠത അത് ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോട് സദൃശപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ്. ക്രിസ്തു ത്യാഗപൂർവ്വം തന്നെത്തന്നെ പൂർണ്ണമായി സഭയ്ക്ക് സ്നേഹാർപ്പണം ചെയ്തു. ഇതൊരു രഹസ്യമാണ് – (Mysterion, Sacramentum, mystery) (എഫേ. 5:31–32). പ്രതീകാത്മകമായ വാക്കോ പ്രവൃത്തിയോ അല്ല, പിന്നെയോ ഭാര്യാഭർത്തൃബന്ധം സാവകാശം വെളിപ്പെടുന്ന ദൈവത്തിന്റെ രക്ഷാകരപദ്ധതിയാണ്.

വിശുദ്ധ ഗ്രന്ഥത്തിൽനിന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ പഠനങ്ങളിൽനിന്നും (സഭ ആധുനിക ലോകത്തിൽ No. 48) പ്രചോദനമുൾക്കൊണ്ട് സഭയുടെ നിയമത്തിൽ വിവാഹമെന്ന കൂദാശയുടെ സ്വഭാവവും സവിശേഷതയും എന്താണെന്ന് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു (കാനോന 776) “സ്രഷ്ടാവ് സ്ഥാപിച്ചതും അവിടുത്തെ നിയമങ്ങളിൽ അധിഷ്ഠിതവുമായ വിവാഹമെന്ന ഉടമ്പടിവഴി സ്ത്രീയും പുരുഷനും അലംഘനീയവും വ്യക്തിപരവുമായ സമ്മതത്തിൽ പരസ്പരം ജീവിതംമുഴുവനും നിലനിൽക്കുന്ന ഒരു കൂട്ടായ്മ സ്ഥാപിക്കുന്നു. ഈ വിവാഹ ഉടമ്പടി അതിന്റെ സ്വാഭാവിക സവിശേഷതയാൽ ദമ്പതികളുടെ നന്മക്കും സന്താനങ്ങളുടെ ഉല്പാദനത്തിനും മക്കളുടെ ശിക്ഷണത്തിനുമായി വിഭാവനം ചെയ്തിട്ടുള്ളതാണ്.

ക്രൈസ്തവ വിവാഹം പ്രകൃത്യനുസൃതമായ ഒരു സ്ഥാപനം മാത്രമല്ല. മാമ്മോദീസ സ്വീകരിച്ചിട്ടുള്ള സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹം ക്രിസ്തു സ്ഥാപനംവഴി അതിനാൽ തന്നെ ഒരു കൂദാശയാണ്. അതുവഴി ദമ്പതികൾ ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ അന്യൂനമായ പ്രതിരൂപങ്ങളായിത്തീർന്നുകൊണ്ട് ദൈവവുമായി ഐക്യപ്പെടുകയും കൗദാശിക വരപ്രസാദത്തിൽ വിശുദ്ധീകരിക്കപ്പെടുകയും ശക്തരാക്കപ്പെടുകയും ചെയ്യുന്നു. വിവാഹത്തിന്റെ സത്താപരമായ സവിശേഷതകളാണ് അതിന്റെ ഏകത്വവും അവിഭാജ്യതയും. ജ്ഞാനസ്നാനം സ്വീകരിച്ചവർ തമ്മിലുള്ള വിവാഹത്തിൽ കൂദാശ എന്ന നിലയിൽ ഇവയ്ക്ക് പ്രത്യേകമായ ദൃഢത കൈവരുന്നു". സഭാനിയമത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായ ഇന്നത്തെ ചില സാമൂഹിക സാഹചര്യങ്ങളെ വലിയ ഉൽക്കണ്ഠയോടെയാണ് നമുക്ക് അഭിമുഖീകരിക്കാൻ സാധിക്കൂ. ക്രൈസ്തവ വിവാഹം നേരിടുന്ന വെല്ലുവിളികളെയും പ്രതിസന്ധികളെയും ഇനി നമുക്ക് കാണാം.

1 ഒരു ദൈവിക യാഥാർത്ഥ്യമെന്ന നിലയിൽ വിവാഹത്തിന്റെ കാതലായ അന്തഃസ്സത്തക്ക് ഭംഗം വരികയും ഉപരിപ്ലവമായ കാര്യങ്ങൾക്ക് മുന്തിയ പരിഗണന നൽകപ്പെടുകയും ചെയ്യുന്നു.

2 ഉപഭോഗസംസ്കാരത്തിന്റെ സ്വാധീനംവഴി കാഴ്ചപ്പാടുകളും നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. വിവാഹത്തെ സ്ഥിരമായ ഒരു കൂട്ടായ്മ ജീവിതമെന്ന തത്വം ഉൾക്കൊള്ളാതെ 'ഫാഷൻ ഭ്രമം' ജീവിതപങ്കാളികളെ ഗ്രസിക്കുന്നു. വ്യക്തിസ്വാതന്ത്ര്യവും വ്യക്തിത്വത്തിന്റെ മഹനീയതയും വിസ്മരിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്നു. ജീവിതപങ്കാളിയെ ഉപഭോഗവസ്തുവായി കാണുന്ന തികച്ചും ഭൗതികമായ അപകടകരമായ ഒരു തലത്തിലേക്ക് അധഃപതിക്കുന്നു.

3 സാമ്പത്തിക സുസ്ഥിതിയും ജോലിസാധ്യതകളും കൂടുതൽ സങ്കുചിതവും സ്വാർത്ഥപരവുമായ നിലപാട് സ്വീകരിക്കാൻ ഇടവരുത്തുന്നു. അതുവഴി പരോന്മുഖതയ്ക്ക് താല്പര്യം കുറയുകയും ചെയ്യുന്നു. പരസ്പരം സ്നേഹിക്കാനും, സഹായിക്കാനും, സഹകരിക്കാനും, സഹിക്കാനും, സഹിഷ്ണുത പുലർത്താനും ദമ്പതികൾ സന്നദ്ധരാകുന്നില്ല.

4 ജീവിതപങ്കാളിയെ ദൈവം തന്ന സഖിയും, സഹായിയും, സഹചാരിയും സഹധർമ്മിണിയുമായി കണ്ട് പങ്കാളിയുടെ നന്മ ആഗ്രഹിക്കാനുള്ള മനോഭാവത്തിന് കോട്ടം വരുന്നു.

5 ദാമ്പത്യസ്നേഹത്തിന്റെ പ്രകാശനമായി, ദാമ്പത്യ ധർമ്മാനുഷ്ഠാനത്തിലൂടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തോട് സഹകരിച്ചുകൊണ്ട് ഉത്തരവാദിത്വത്തോടെ മക്കൾക്ക് ജന്മം നൽകുന്നതിനും അവരെ ദൈവമക്കളായി വളർത്തുന്നതിനും മനുഷ്യോചിതമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കു

ന്നതിനും അലംഭാവം കാണുന്നു. ദാമ്പത്യജീവിതം വ്യക്തിപരമായ സുഖാന്വേഷണത്തിനുള്ള മാർഗ്ഗമായി മാത്രം കാണുമ്പോൾ, ദൈവം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെയാകുന്നു.

6 ഏകഭാര്യാത്വം, ഏകഭർത്തൃത്വം എന്ന സനാതനമൂല്യങ്ങളെ തൃണവൽഗണിച്ചുകൊണ്ട്, ദാമ്പത്യവിശ്വസ്തത ലംഘിച്ച്, വിവാഹേതര ബന്ധങ്ങളും, ലൈംഗികവൈകൃതങ്ങളും, ദാമ്പത്യജീവിത പരിശുദ്ധിയെ കളങ്കപ്പെടുത്തുന്നു.

7 പണത്തിന്റെയും സ്വത്തിന്റെയുംപേരിൽ നിരന്തരമായ കലഹങ്ങളും വ്യവഹാരങ്ങളുംമൂലം വൈവാഹികജീവിതത്തിലെ സന്തോഷവും സമാധാനവും നഷ്ടപ്പെടുന്നു.

8 സഭാവിരുദ്ധഗ്രൂപ്പുകളും സെക്ടുകളും മോഹനവാഗ്ദാനങ്ങൾ നൽകി വിശ്വാസികളെ ആകർഷിക്കുമ്പോൾ ജീവിതപങ്കാളികളും കുട്ടികളും പ്രതിരോധത്തിലാകുന്നു; സമ്മർദ്ദത്തിലാകുന്നു; ദാമ്പത്യജീവിതത്തകർച്ചയുടെ ബലിയാടുകളാകുന്നു.

9 ഇ-മെയിൽ, ഇന്റർനെറ്റ്, ടി.വി., മൊബൈൽ എന്നിവയുടെയും അനുബന്ധ ഇലക്ട്രോണിക് സംവിധാനങ്ങളുടെയും വിവേകശൂന്യമായ ദുരുപയോഗം, ഊഷ്മളമായ വൈവാഹിക-കുടുംബബന്ധങ്ങളിൽ വിള്ളൽ സൃഷ്ടിക്കുന്നു.

10 മദ്യം, മയക്കുമരുന്ന്, ഇതര ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വ്യക്തിയുടെയും ദമ്പതികളുടെയും കുടുംബത്തിന്റെയും ശാരീരികവും മാനസികവുമായ ആരോഗ്യം നശിപ്പിക്കുന്നു.

11 മാനസിക പിരിമുറുക്കങ്ങൾ, വൈകാരികപക്വതക്കുറവ്, വ്യക്തിത്വത്തിലെ വൈകല്യങ്ങൾ, ബുദ്ധിമാന്ദ്യം, ചിത്തഭ്രമം തുടങ്ങിയ മനോരോഗങ്ങൾ എന്നിവ ദമ്പതികൾ പരസ്പരം അറിഞ്ഞ്, സ്നേഹിച്ച് സുദൃഢവും ആഴമായ ബന്ധങ്ങൾ സ്ഥാപിക്കാൻ തടസ്സമാകുന്നു.

12 ഉഭയസമ്മതപ്രകാരമുള്ള വിവാഹമോചനം സിവിൽ കോടതികളിൽനിന്ന് അനായാസം ലഭിക്കുന്ന ഒരു പുത്തൻ സാഹചര്യം സംജാതമായിരിക്കയാണ്. ഈ സാഹചര്യത്തിൽ സഭയുടെ പരമ്പരാഗതമായ വിശ്വാസസംഹിതകൾക്കും സനാതനമായ ആത്മീയമൂല്യങ്ങൾക്കും അത് ഭീഷണിയാകുന്നു. കത്തോലിക്കാസഭയിൽ വിവാഹമോചനമില്ല. വാസ്തവമല്ലാത്ത, അസാധുവായ വിവാഹമാണെങ്കിൽ അതിനുള്ള മതിയായ ഗൗരവതരമായ കാരണങ്ങൾ ഉണ്ടെന്ന് സഭാനിയമത്തിന്റെ വെളിച്ചത്തിൽ തെളിയിക്കപ്പെടുകയാണെങ്കിൽ ആ വിവാഹം സഭാകോടതി അസാധുവെന്ന് പ്രഖ്യാപിക്കും.

വിവാഹജീവിതത്തിലെ പ്രതിബന്ധങ്ങൾ തരണം ചെയ്ത് പ്രശ്ന

ങ്ങൾക്ക് പരിഹാരം കണ്ടെത്താൻ താഴെപ്പറയുന്ന പത്ത് നിർദ്ദേശങ്ങൾ സഹായകമാകും.

1 വിവാഹം നിശ്ചയിക്കുമ്പോൾ കുടുംബത്തിലെ ഉത്തരവാദപ്പെട്ടവർ മുൻകൂട്ടി അന്വേഷണം നടത്തി അനുയോജ്യമായ വിവാഹാലോചനയാണോയെന്ന് ഉറപ്പ് വരുത്തണം. സ്ത്രീയും പുരുഷനും തമ്മിൽ ശരിയായ പൊരുത്തമുണ്ടാകണം. വിശ്വാസജീവിതം, കുടുംബപശ്ചാത്തലം, സാമ്പത്തിക സ്ഥിതി, വിദ്യാഭ്യാസനിലവാരം, ജോലി, പ്രായം, സ്വഭാവം, ആരോഗ്യം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കണം. പ്രായപൂർത്തിയായ മകന്/ മകൾക്ക് ഒട്ടും സ്വീകാര്യമല്ലാത്ത ഒരു ബന്ധമാണെങ്കിൽ രക്ഷിതാക്കൾ സ്വാർത്ഥലാഭത്തിനുവേണ്ടി നിർബന്ധിച്ചും സമ്മർദ്ദം ചെലുത്തിയും മക്കളെ വിവാഹത്തിന് ഒരു കാരണവശാലും പ്രേരിപ്പിക്കരുത്. ഇന്റർനെറ്റ്, വിവാഹബ്യൂറോ, പത്രപരസ്യങ്ങൾ, ഇടനിലക്കാർ തുടങ്ങിയവരുടെ സഹായം സ്വീകരിക്കുമ്പോൾ വിശ്വസനീയമാണോയെന്ന് ഉറപ്പു വരുത്തണം.

2 വിവാഹത്തിനുമുമ്പ് സഭ അനുശാസിക്കുന്ന അന്വേഷണഫോറം ബഹു. വികാരിയുടെ മുമ്പാകെ വരൻ/വധു സത്യസന്ധമായി പൂരിപ്പിച്ച്, വിശുദ്ധ ഗ്രന്ഥംതൊട്ട് പ്രതിജ്ഞ ചെയ്ത് വികാരിയെ ഏല്പിക്കണം. വികാരി അത് ഫയലിൽ സൂക്ഷിക്കണം.

3 വിവാഹാർത്ഥികൾക്ക് അജപാലനപരമായ ഒരുക്കം ലഭിച്ചിരിക്കണം. നമസ്കാരം ചൊല്ലി കേൾക്കുകയെന്നതിനപ്പുറം ബഹു. വികാരി, വിവാഹത്തിനണയുന്നവർക്ക് ഈ കൂദാശ സ്വീകരിക്കാൻ യോഗ്യതയുണ്ടെന്ന് ഉറപ്പു വരുത്തണം. കത്തോലിക്കാവിശ്വാസം, ക്രിസ്തീയ മതത്ത്വങ്ങൾ, സഭയുടെ പ്രബോധനങ്ങൾ, വിവാഹമെന്ന കൂദാശയുടെ സ്വഭാവം, ലക്ഷ്യങ്ങൾ, ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കൾ എന്ന നിലയിൽ അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് വേണ്ടതായ അവബോധം നൽകണം. കത്തോലിക്കാവിശ്വാസം പരസ്യമായി ത്യജിച്ചിട്ടുള്ളവരുടെ വിവാഹം രൂപതാമെത്രാന്റെ അനുവാദമില്ലാതെ നടത്താൻ പാടില്ല (കാനോന 789,6)

4 മനഃസ്സമ്മതത്തിനുമുമ്പ് വിവാഹ ഒരുക്ക ക്ലാസ്സിൽ (പ്രീകാനാ കോൺഫ്രൻസ്) പങ്കെടുത്ത് സർട്ടിഫിക്കറ്റ് വികാരിയച്ചനെ ഏല്പിക്കണം. തക്കതായ കാരണമുണ്ടെങ്കിൽ, ഫൊറോന വികാരിക്ക് അപേക്ഷ സമർപ്പിച്ച് അനുവാദം വാങ്ങി, വിവാഹവാഗ്ദാനം നടത്താവുന്നതാണ്. വിവാഹം നടത്തുന്നതിന് രൂപതയ്ക്ക് പുറത്ത് ഒരു വർഷത്തിൽ കൂടുതൽ ജീവിക്കുന്നവർ സ്വതന്ത്രസ്ഥിതി സർട്ടിഫിക്കറ്റ് ബഹു. വികാരിയെ ഏല്പിക്കണം. സർട്ടിഫിക്കറ്റ് ലഭ്യമല്ലെങ്കിൽ വിവാഹത്തിന് രൂപതാദ്ധ്യക്ഷന്റെ അനുവാദം ക്രമപ്രകാരം വാങ്ങിയിരിക്കണം.

5 പള്ളിയിൽ വിവാഹം വിളിച്ചുചൊല്ലി പരസ്യം ചെയ്യുന്നത്, വിവാഹത്തിനണയുന്നവർക്കുവേണ്ടി ഇടവക സമൂഹം പ്രാർത്ഥിക്കാനാണ്. കൂടാതെ വിവാ

ഹത്തെ അസാധുവാക്കുന്ന, നിയമാനുസൃതമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ അക്കാര്യം സഭാധികാരികളെ അറിയിക്കാൻ ദൈവജനത്തിന് അവസരം നൽകുവാനുമാണ്. ദൈവജനം ആ കടമ വിശ്വസ്തതയോടെ നിർവ്വഹിക്കണം. മനസ്സമ്മതത്തിനുമുമ്പ്പോലും വിവാഹം പരസ്യം ചെയ്യാൻ സഭ അനുവദിക്കുന്നതുകൊണ്ട്, മൂന്നാഴ്ച വിളിച്ചുചൊല്ലി വിവാഹം നടത്തണം. ന്യായയുക്തവും പര്യാപ്തവുമായ കാരണങ്ങളുണ്ടെങ്കിൽ മാത്രം വിവാഹപരസ്യത്തിൽനിന്ന് ക്രമപ്രകാരമുള്ള കുറവ് / ഒഴിവ് അനുവദിക്കുന്നു.

6 കെട്ടുകുമ്പസാരവും ദിവ്യകാരുണ്യസ്വീകരണവും അർത്ഥികളെ രക്ഷാകരമായ പ്രസാദവരാവസ്ഥയിൽ കൂദാശയ്ക്കണയാൻ സഹായിക്കുന്നു. സ്വയംദാനത്തിന്റെയും സമർപ്പണത്തിന്റെയും സ്നേഹത്തിന്റെയും സ്മാരകമായ വി. കുർബാന സ്വീകരിച്ച്, യേശുവും സഭയുമെന്നപോലെ ജീവിക്കാൻ ശക്തരാക്കുന്നു.

7 മനസ്സമ്മതത്തിന്റെയും, വിവാഹത്തിന്റെയും, തലേനാൾ സന്ധ്യക്ക് കുടുംബങ്ങളിൽ പ്രാർത്ഥനാകൂട്ടായ്മകൾ സംഘടിപ്പിക്കുന്നത് അനുഗ്രഹപ്രദമായിരിക്കും. അതുപോലെ തന്നെ മനസ്സമ്മതത്തോടും വിവാഹത്തോടും അനുബന്ധിച്ച് മദ്യസൽക്കാരം നടത്തുന്ന സംസ്കാരം നമ്മുടെ കുടുംബങ്ങളിൽ വളർത്തരുത്. ലളിത വും ഭാരതീയസംസ്കാരത്തിന്റെ തനിമയും കാത്തുസൂക്ഷിക്കുന്ന വസ്ത്രധാരണരീതികൾ വിവാഹാവസരത്തിൽ വധൂവരന്മാർക്ക് ഉണ്ടാകുന്നത് അത്യുത്തമമായിരിക്കും.

8 മക്കൾ ദൈവത്തിന്റെ ദാനം, സമ്മാനം എന്നു മനസ്സിലാക്കി ആൺകുഞ്ഞായാലും പെൺകുഞ്ഞായാലും ദൈവകരങ്ങളിൽനിന്ന് സ്വീകരിക്കണം. അവരെ ദൈവമക്കളായി നന്മയിൽ വളർത്തണം. വെറും ശാരീരിക അഭിലാഷങ്ങൾക്കും, ജഡികാസക്തിക്കും, സുഖേച്ഛക്കും വശംവദരായി, സ്വാതന്ത്ര്യം ദുരുപയോഗിക്കാതെ, ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വവും മാതൃത്വവും ദൈവികപദ്ധതിയുടെ ഭാഗമാണെന്ന് തിരിച്ചറിയണം.

9 വിവാഹകാഴ്ച/ സംഭാവന നൽകുന്നതിൽ വിമുഖത കാണിക്കരുത്. സഭയിലെ അംഗമെന്ന നിലയിൽ, സഭയിലെ/ഇടവകയിലെ ന്യായമായ ആവശ്യങ്ങളോട് ഔദാര്യപൂർവ്വം സഹകരിക്കാൻ എല്ലാവർക്കും കടമയുണ്ട്. വിവാഹത്തോടനുബന്ധിച്ച്, സാമ്പത്തികസ്ഥിതിപോലെ, വിവാഹകാഴ്ചയും മറ്റും നൽകി, സഭയാകുന്ന അമ്മയോട് സ്നേഹവും പ്രതിബദ്ധതയും പ്രകാശിപ്പിക്കണം. വിവാഹാഘോഷത്തിന് ചിലവഴിക്കുന്ന തുകയുടെ നിശ്ചിത ശതമാനം പാവപ്പെട്ടവരുമായി പങ്കുവച്ച് നൽകുവാൻ ശ്രദ്ധിക്കുകയും വേണം.

10 വിവാഹത്തർക്കങ്ങളും കേസുകളും ഒന്നുമില്ലാതെ, സ്നേഹത്തിലും സമാധാനത്തിലും, അനുരഞ്ജനത്തിന്റെ അരൂപിയിലും ഭാര്യാഭർത്താക്കന്മാരും മാതാപിതാക്കളും, മക്കളും, സഹോദരീസഹോദരന്മാരും, ബന്ധുമിത്രാദി

കളും ജീവിക്കാൻ ശ്രദ്ധിക്കണം. സഹിഷ്ണുതയും ആത്മനിയന്ത്രണവും ക്ഷമാശീലവും നാം അഭ്യസിക്കണം. അപര്യാപ്തമായ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ രൂപതാക്കച്ചേരിവഴിയും സഭാകോടതിവഴിയും മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുകയും പ്രാർത്ഥനാപൂർവ്വം ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യണം.

വിവാഹിതർ എല്ലാവരും വർഷത്തിൽ ഒരു തവണയെങ്കിലും ദമ്പതികൾക്കുള്ള (കൗൺസലിംഗ്) ധ്യാനത്തിൽ പങ്കെടുക്കുന്നത് ഉചിതമാണ്. പ്രത്യേകമായി യുവദമ്പതികൾ ഈ യുവജനവർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും Marriage Enrichment Programme-ൽ പങ്കെടുക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

പ്രിയ സഹോദരീ സഹോദരങ്ങളെ തിരുസ്സഭയോട് ചേർന്ന് ജീവിക്കുകയും, കൗദാശകജീവിതത്തിൽനിന്ന് പോഷണം സ്വീകരിക്കുകയും, സഭാനേതൃത്വത്തോട് വിധേയത്വം പുലർത്തുകയും ചെയ്തുകൊണ്ട് മാതൃകാദമ്പതികളായി ജീവിക്കാനും, കുടുംബമാകുന്ന 'ഗാർഹികസഭ'യിൽ ജീവന്റേയും സ്നേഹത്തിന്റെയും ശുശ്രൂഷകരായി വ്യാപരിക്കാനും നിങ്ങൾക്ക് സാധിക്കട്ടെ. ദൈവഹിതത്തിന് കീഴ്വഴങ്ങി, ഭാര്യാഭർത്താക്കന്മാർ പരസ്പരം വിധേയത്വത്തോടെ, അന്യോന്യം വിശുദ്ധീകരിക്കാനും സ്നേഹിക്കാനും ബഹുമാനിക്കാനും ഇടവരട്ടെ. ദൈവത്തിന്റെ പരിപാലനയിൽ ശരണംവെച്ചുകൊണ്ട്, ജീവിതാന്തസ്സിന്റെ കടമകൾ വിശ്വസ്തതയോടെ അനുഷ്ഠിച്ചുകൊണ്ട്, രക്ഷാകരമായ സന്തോഷവും സമാധാനവും അനുഭവിക്കാൻ എല്ലാവർക്കും കഴിയട്ടെ.



ഇരിങ്ങാലക്കുട
23. 04. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ ഇടയലേഖനം മെയ് 6–ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

304/12
30.03.2012

# വിജ്ഞാപനം

## തെരട്ട് 2012–2013

**ഇരിങ്ങാലക്കുട രൂപതയിലെ പള്ളികളുടെയും സ്ഥാപന ങ്ങളുടെയും വാർഷികതെരട്ടിൽ സാമ്പത്തികമായി താഴ്ന്നവരുമാ നമുള്ള പള്ളികൾക്ക് ഇളവു ചെയ്യുന്നതിനായി നടത്തുന്ന ക്രമീക രണങ്ങളെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.**

യേശുക്രിസ്തുവിൽ സ്നേഹമുള്ള സഹോദരവൈദികരെ, സമർപ്പിതരെ, അല്മായ സഹോദരരെ,

അമ്പതുനോമ്പിന്റെ അനുഗ്രഹവഴികൾ പിന്നിട്ട് ഈശോയുടെ തിരുവുത്ഥാനത്തിന്റെ മഹത്ത്വത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നിങ്ങളേ വരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇടവക ദൈവാനുഗ്ര ഹത്തിലും വിശ്വാസ ഐക്യത്തിലും വളരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ കാനോനികനിയമത്തിൽ അനുശാസിക്കുന്നതുപോലെ, രൂപതാദ്ധ്യക്ഷന്റെ അജപാലനത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവജന കൂട്ടായ്മയായ രൂപത സാർവ്വത്രിക സഭാകൂട്ടായ്മയിലെ “ഒരു പ്രാദേശിക സഭ”യായി കണക്കാക്കുന്നു. ഈ കൂട്ടായ്മയിൽ യേശു വിന്റെ ദൗത്യം നിർവ്വഹിക്കുവാനുള്ള ഊർജ്ജവും ശക്തിയും ദൈവ ജനം തന്നെയാണ്. സഭയുടെ തനതായ ലക്ഷ്യങ്ങൾ പൂർത്തീകരി ക്കുവാൻ ആവശ്യമായ സാഹചര്യങ്ങളും, സംവിധാനങ്ങളും ഒരുക്കേ ണ്ടതിന് സഹായിക്കുവാൻ രൂപതയിലെ വിശ്വാസസമൂഹത്തിന് കടമയുണ്ട്. (CCEO.25). അതോടൊപ്പം രൂപതാദ്ധ്യക്ഷന് രൂപതയുടെ ദൗത്യനിർവ്വഹണത്തിനാവശ്യമായ സഹായങ്ങൾ അഭ്യർത്ഥിക്കാനുള്ള അവകാശവുമുണ്ട് (CCEO.1011).

നമ്മുടെ രൂപതയിലെ എല്ലാ വിശ്വാസികളും, ഇടവകസമൂഹങ്ങളും, തങ്ങളുടെ ഈ കടമ വളരെ ഭംഗിയായി നിർവ്വഹിച്ചു കാണുന്നതിൽ എനിക്കേറെ സന്തോഷവും, ചാരിതാർത്ഥ്യവുമുണ്ട്. ഈ കടമനിർവ്വഹ ണത്തിന്റെ ഭാഗമായാണ് നമ്മുടെ രൂപതയിലെ ഇടവകകളിൽ നിന്നും വരുമാനത്തിന്റെ തെരട്ടുസംഖ്യ സമർപ്പിച്ചുകൊണ്ടിരിക്കുന്നത്.

2011–2012 സാമ്പത്തികവർഷത്തിലെ കണക്കുകൾ, കൃത്യതയോടും സുതാര്യതയോടുംകൂടി ക്രമപ്പെടുത്തി, ഇന്റേണൽ ഓഡിറ്റിംഗ് നടത്തി, ഇടവക പ്രതിനിധിയോഗത്തിലും പൊതുയോഗത്തിലും അവതരിപ്പിച്ച അംഗീകാരം നേടി തെരട്ടുഫോറത്തിൽ രൂപതാകച്ചേരിയിൽ പതിവു

പോലെ സമർപ്പിക്കേണ്ടതാണ്. തെരട്ടു സമർപ്പിക്കേണ്ട ദിനങ്ങൾ 2012 മെയ് 21 മുതൽ 2012 ജൂലൈ 7 വരെയാണ്. രൂപതാബുള്ളറ്റിനിൽ (2012 മാർച്ച്, പേജ് 36–38) പ്രസിദ്ധീകരിച്ചിട്ടുള്ള തിയ്യതികൾ കൃത്യമായി പാലിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ബഹുമാനപ്പെട്ട വികാരിയച്ച ന്മാരും കൈക്കാരന്മാരും കണക്കെഴുത്തുകാരും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പുലർത്തേണ്ടതാണ്.

കഴിഞ്ഞവർഷം വരെ എല്ലാ ഇടവകകളുടെയും വാർഷികവരുമാ നത്തിന്റെ **5%** മാണ് തെരട്ടുസംഖ്യയായി രൂപതയിൽ സമർപ്പിച്ചിരുന്നത്. രൂപതയിലെ ആധികാരികസമിതികളായ ഫിനാൻസ് കൗൺസിലിലും, ആലോചനാസമിതിയിലും, വൈദികകൂട്ടായ്മയിലും, പാസ്റ്ററൽ കൗൺസിലിലും നടത്തിയ ചർച്ചകളുടെയും വിലയിരുത്തലുകളുടെയും വെളിച്ചത്തിൽ, സാമ്പത്തികമായി ഏറ്റവും താഴ്ന്ന വരുമാനമുള്ള ഇടവക കൾക്ക് ഇളവ് നല്കുന്നതിനായി ഈ വർഷം മുതൽ തെരട്ടുസംഖ്യ നിർണ്ണയിക്കുന്നതിൽ ചെറിയ ഒരു മാറ്റം വരുത്തുകയാണ്. വരുമാനം കുറഞ്ഞ ചെറിയ ഇടവകകൾക്ക് തെരട്ടുസംഖ്യയിൽ ഇളവു ലഭിക്കുന്ന തിനുവേണ്ടി ഔദാര്യമനസ്കരായ വലിയ ഇടവകകളുടെ സഹകരണ ത്തോടെ ക്രമപ്പെടുത്തിയിരിക്കുന്ന ഈ പുതിയരീതിയോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പുതിയ സംവിധാനത്തിൽ ഇടവകയുടെ വാർഷികവരുമാനം *2 ലക്ഷം* രൂപയിൽ താഴെയുള്ള ഇടവകകൾ *1%* മാത്രം തെരട്ടുസംഖ്യനല്കിയാൽ മതി. ഈ ഇളവ് ക്രമീകരിക്കുവാൻ മറ്റു പള്ളികളുടെ സഹകരണം ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ക്രമീകരണം താഴെപ്പറയുംവിധമാണ്. പ്രസ്തുത സംവിധാനമനു സരിച്ച് 10 ലക്ഷം വരെ വാർഷികവരുമാനമുള്ള ഇടവകകൾ *മുൻപതിവുപ്രകാരമുള്ള 5%, 20 ലക്ഷം*വരെ വാർഷികവരുമാ നമുള്ള ഇടവകകൾ *5.5%, 40 ലക്ഷം* വരെ വാർഷികവരുമാനമുള്ള ഇടവകകൾ *6%, 40 ലക്ഷ*ത്തിനു മുകളിൽ വാർഷികവരുമാനമുള്ള ഇടവകകൾ *7%*, തെരട്ടു സംഖ്യയായി രൂപതാഭവനത്തിൽ നല്കേ ണ്ടതാണ്. ഞായറാഴ്ച പിരിവിൽനിന്നും വീടൊന്നിന് 10 രൂപ രൂപതാ ഭവനത്തിൽ വാർഷികവിഹിതമായി കൊടുക്കുമല്ലോ. രൂപതയിലെ സ്ഥാപനങ്ങളുടെ ആകെ വരുമാനത്തിന്റെ *അര ശതമാനം* തെരട്ടു സംഖ്യയായി രൂപതയുടെ സാമൂഹിക വികസനപ്രവർത്തനങ്ങൾക്കു നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.**

സുതാര്യമായതും ആർക്കും കുറ്റമാരോപിക്കാൻ ഇടനല്കാത്തതും സർക്കാർ അനുശാസിക്കുന്നതുമായ കണക്കെഴുത്തു സംവിധാനങ്ങൾ എല്ലാ ഇടവകകളിലും ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. നാളിതുവരെ എല്ലാ ബഹുമാനപ്പെട്ട വൈദികരും കൈക്കാരന്മാരും കണക്കെഴുത്തു കാരും ഇടവകകളുടെ കണക്കുകൾ കൃത്യതയോടെ രേഖപ്പെടുത്തുന്ന തിനും ഉത്തരവാദിത്വത്തോടെ യോഗങ്ങളിൽ അവതരിപ്പിക്കുന്നതിനും ചെയ്യുന്ന ആത്മാർത്ഥസേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. നിങ്ങൾ ക്കെല്ലാവർക്കും ദൈവത്തിന്റെ അനുഗ്രഹം സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്,

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**

30. 03. 2012 ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ വിജ്ഞാപനം ഏപ്രിൽ 15–ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Birth Days**

May 01.Rev. Fr. Vincent Parayil
02. Rev. Fr. Joshi Paliakkara
06. Rev. Fr. Varghese Malieckal
06. Rev. Fr. Jijo Thundathil
07. Rev. Fr. Johnson G. Alappat
10. Rev. Fr. Freejo Parackal
12. Rev. Fr. Thomas Alukka
14. Rev. Fr. Sebastian Panjikaran
15. Rev. Fr. Plogen Kannampuzha
15. Rev. Fr. George Plassery
15. Rev. Fr. Nijo Pallai
19. Rev. Fr. Seby Kolangara
19. Rev. Fr. Shaju Kachappilly
21. Rev. Fr. Suresh Pudussery
22. Rev. Fr. Joju Kokkatt
23. Rev. Fr. Francis Kodiyan
24. Rev. Fr. Davis Kudiyirickal
24. Rev. Fr. Jaison Kudiyirickal
24. Rev. Fr. Rejoy Pazhayattil
27. Rev. Fr. Johnson Tharayil
28. Rev. Fr. Joji Palamattath
29. Rev. Fr. George Kalan
30. Rev. Fr. Jose Pazhayattil
31. Rev. Fr. Joseph Kanamkudam
31. Rev. Fr. Davis Thattil

**Feast Days**

May 16
Rev. Fr. Johnson G. Alappat
Rev. Fr. Joy Alappat

*ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!*

362/12
25. 04. 2012

# വിജ്ഞാപനം

## വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ തിരുനാൾ

യേശുവിൽ പ്രിയ സഹോദരരേ, വാത്സല്യമുള്ള മക്കളേ,

നമ്മുടെ സഭയ്ക്ക് ദൈവം നൽകിയ അമൂല്യമായ നിധിയാണ് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ. സമൂഹത്തിന്റെ അടിസ്ഥാനമായ കുടുംബങ്ങളെ പുനരുദ്ധരിക്കുന്നതിനും ക്രിസ്തുവിന്റെ സുവിശേഷം എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനും രോഗികളോടും വേദന അനുഭവിക്കുന്നവരോടും ദയാപൂർവ്വം പെരുമാറുന്നതിനും ജാതിമത ഭിന്നതയില്ലാതെ എല്ലാവരോടും ഇടപഴകുന്നതിനും അനാഥാലയങ്ങൾ കെട്ടിപ്പടുക്കുന്നതിനുവേണ്ടി കാലഘട്ടത്തിന്റെ പ്രവാചികയായി പ്രവർത്തിച്ച് തിരുക്കുടുംബ സന്യാസിനി സമൂഹത്തിന് രൂപം കൊടുത്ത് ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുനാൾ ജൂൺ 8–ാം തിയ്യതി കുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ വിവിധ പരിപാടികളോടെ നടത്തപ്പെടുകയാണ്.

യുവജനവർഷമായി ആചരിക്കുന്ന നമ്മുടെ രൂപതയിൽ പുതുതലമുറയ്ക്ക് ഉണർവ്വിനും ഉൾക്കാഴ്ചയ്ക്കും ഇടയാകുന്ന രീതിയിൽ വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിരിക്കയാണല്ലോ. ഈ അവസരത്തിൽ എഴുത്തുപള്ളിക്കൂടത്തിൽ മാത്രം പഠനം നടത്തി വലിയ ദർശനങ്ങളും കാഴ്ചപ്പാടുകളും നൂതന പദ്ധതികളും 19–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആവിഷ്ക്കരിച്ച മറിയം ത്രേസ്യ വലിയ മാതൃകയാകും. “ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കാൻ പ്രായം വേണ്ട” എന്ന് തിരിച്ചറിഞ്ഞ് ആവശ്യത്തിൽ ഇരിക്കുന്നവരെ അന്വേഷിച്ച് കണ്ടുപിടിച്ച്, എല്ലാവരിലും ക്രിസ്തുവിന്റെ മുഖം ദർശിച്ച്, ധൈര്യപൂർവ്വം പ്രവർത്തിച്ച വാഴ്ത്തപ്പെട്ട മറിയംത്രേസ്യ ആധുനിക തലമുറക്ക് പ്രചോദനമാകട്ടെ.

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ 86–ാം ചരമവാർഷികമാണ് 2012 ജൂൺ 8–ന് മറിയം ത്രേസ്യയുടെ കബറിടം സ്ഥിതി ചെയ്യുന്ന കുഴിക്കാട്ടുശ്ശേരിയിൽ ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് നടത്തുന്ന

നൊവേനകളിലും ജൂൺ 2–ാം തിയ്യതി നടക്കുന്ന അഖിലകേരള കുടുംബ കോൺഫ്രൻസിലും ജൂൺ 6–ന് സംഘടിപ്പിച്ചിരിക്കുന്ന വചനപ്രഘോഷണ പരിപാടികളിലും സംബന്ധിച്ച് ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. ദൈവം കണ്ടെത്തി വാഴ്ത്തിയ പുണ്യ ചരിത വാഴ്ത്തപ്പെട്ട മറിയംത്രേസ്യ നമ്മുടെ കുടുംബങ്ങൾക്കായി മധ്യസ്ഥം വഹിക്കട്ടെ.

ഇരിങ്ങാലക്കുട
30. 03. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ വിജ്ഞാപനം മെയ് 27–ാം തിയ്യതി ഞായറാഴ്ച വി. കുർബ്ബാന അർപ്പിക്കപ്പെടുന്ന എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## തിരുനാൾ പരിപാടികൾ

മെയ് 30 മുതൽ ജൂൺ 7–ാം തിയ്യതിവരെ എല്ലാ ദിവസവും ഉച്ചതിരിഞ്ഞ് 3.30ന് കുഴിക്കാട്ടുശ്ശേരിയിലെ വാഴ്ത്തപ്പെട്ട മറിയംത്രേസ്യ കബറിട ദേവാലയത്തിൽ ദിവ്യബലി, ലദീഞ്ഞ്, നൊവേന, തിരുശേഷിപ്പ് വണക്കം എന്നിവ ഉണ്ടായിരിക്കുന്നതാണ്. മെയ് 30–ാം തിയ്യതിയിലെ കൊടികയറ്റത്തിനും തിരുക്കർമ്മങ്ങൾക്കും ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ മോൺ. ജോസ് ഇരിമ്പനും, ജൂൺ 2–ാം തിയ്യതിയിലെ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിലും ജൂൺ 3–ാം തിയ്യതിയിലെ തിരുക്കർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ബോസ്ക്കോ പുത്തൂരും മുഖ്യ കാർമ്മികത്വം വഹിക്കുന്നു.

ജൂൺ 8 വെള്ളി 9.30ന് ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ സമൂഹബലിയും അതിനുശേഷം നേർച്ച ഊണ് ആശീർവ്വാദവും ഉച്ചകഴിഞ്ഞ് 3 മണിക്ക് റവ. ഫാ. തോമസ് മേനാച്ചേരിയുടെ കാർമ്മികത്വത്തിൽ വി. കുർബാനയും തുടർന്ന് പ്രദക്ഷിണവും തിരുശേഷിപ്പ് വണക്കവും ഉണ്ടായിരിക്കുന്നതാണ്.

## അല്മായ പ്രേഷിതത്വം

*മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളേ,*

നവസുവിശേഷവൽക്കരണത്തിനായി പരിശ്രമിക്കുന്ന സഭാമാതാവിനെ സംബന്ധിച്ചിടത്തോളം സങ്കീർണ്ണവും, ലൗകായികത്വവും നിറഞ്ഞ ഭൗതിക മേഖലകളിൽ ദൈവവചനസാക്ഷികളായ, ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി മാറാൻ സാധിക്കുന്ന ധാരാളം അത്മായ പ്രേഷിതരെ ആവശ്യമായിരിക്കുന്ന കാലഘട്ടമാണിത്. സമർപ്പിതർക്കോ പുരോഹിതർക്കോ കടന്നുചെന്നു പ്രവർത്തിക്കാൻ പരിമിതിയും പരിധിയുമുള്ള മേഖലകളിൽ സുവിശേഷദൗത്യം നിർവ്വഹിക്കാൻ സാധിക്കുന്നത് ആത്മായർക്കാണല്ലോ. "ഭൗതികലോകത്തിൽ വ്യാപരിക്കുമ്പോഴും ദൈവരാജ്യം അന്വേഷിക്കുകയും ദൈവികപദ്ധതിയനുസരിച്ച് ഭൗതികകാര്യങ്ങളെ ക്രമീകരിക്കുകയും ചെയ്യാൻ അത്മായർ വിളിക്കപ്പെട്ടിരിക്കുന്നു" (LG No. 31) "ലോകത്തിൽ ജീവിക്കുകയും എന്നാൽ ലോകത്തി ന്റേതാകാതിരിക്കുകയും ചെയ്യുക" (യോഹ. 17, 16) എന്നുള്ളത് അത്മായരെ സംബന്ധിച്ചിടത്തോളം ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്.

സഭയുടെ ആരംഭഘട്ടത്തിൽ ഒരേ കൂട്ടായ്മയിൽനിന്ന് സാക്ഷ്യം നൽകാൻ അത്മായർക്കും പുരോഹിതർക്കും വേർതിരിവുകളില്ലായിരുന്നു. 4–ാം നൂറ്റാണ്ടിനുശേഷം പ്രകടമായിത്തുടങ്ങിയ വേർതിരിവ് മധ്യയുഗങ്ങളിൽ അത്മായ സ്വാധീനത്താൽ വർദ്ധമാനമായി. മെത്രാന്മാരെയും മാർപാപ്പയെയും തിരഞ്ഞെടുക്കുന്ന ഉന്നതമായ ഉത്തരവാദിത്വങ്ങൾ വരെ (Lay Investiture) ഈ കാലഘട്ടത്തിൽ അത്മായർ വഹിച്ചിരുന്നു. എന്നാൽ 7–ാം ഗ്രിഗോറിയോസ് പാപ്പയുടെ കാലം മുതൽ തുടങ്ങിയ നവീകരണ പ്രക്രിയയിലൂടെ കാനൻ രൂപീകരണത്തിലൂടെയും, ഭൗതിക, ആദ്ധ്യാത്മിക അധികാര വേർതിരിവ് പ്രത്യക്ഷമായി. 13–ാം നൂറ്റാണ്ടുമുതൽ, ഇരുൾ നിറഞ്ഞ അത്മായ ചരിത്രമാണ് പ്രകടമാവുക. എന്നാൽ 19–ാം നൂറ്റാണ്ടിന്റെ ഉദയത്തോടെ ഫ്രെഡറിക് ഓസനാമും സഹപ്രവർത്തകരും അത്മായ മുന്നേറ്റത്തിന് നൽകിയ തുടക്കം ഉച്ചസ്ഥായിയിലായത് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടിയാണ്. അത്മായവിശ്വാസികളെക്കുറിച്ചുള്ള പ്രബോധനങ്ങൾ കൗൺസിലിന്റെ പ്രത്യേകതയാണ്. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ ദൈവജനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന അദ്ധ്യായത്തിന് നല്കിയ മുൻഗണന ഏറ്റവും പ്രധാനപ്പെട്ട നവീകരണ സംഭവമായി Pax Romano-യുടെ പ്രസിഡന്റ് റോമൻ ലെഗ്രാൻസ് വിലയിരുത്തുന്നു. "ലൗകിക ലോകത്തെ നവീകരിക്കുക എന്നത് അത്മായരുടെ നിയതമായ ദൗത്യമായി ഏറ്റെടുക്കപ്പെടണം. സുവിശേഷവെളിച്ചത്തിൽ, സഭയുടെ മനസ്സോടുചേർന്നും, ക്രിസ്തീയ സ്നേഹത്താൽ പ്രേരിതരായും പ്രത്യക്ഷമായ രീതിയിലും പ്രത്യേകമായ തരത്തിലും പ്രവർത്തിച്ചാകണം നവീ

കരണം സാധിതമാക്കേണ്ടത്" (AA 7). ഇപ്രകാരം സഭയുടെ മനസ്സറിഞ്ഞ് ലോകത്തെ നവീകരിക്കാനുള്ള ശ്രമങ്ങൾ കേരളസഭയിലും വത്തിക്കാൻ സൂന ഹദോസിനുമുമ്പേ ആരിഭിച്ചിരുന്നു. തദ്ദേശീയ മെത്രാന്മാരുടെ കാലത്താണ് കേരള അത്മായനേതൃത്വം, സഭാപ്രവർത്തനങ്ങളിൽനിന്നും അകന്നത്. അതുവരെ ലത്തീൻ മേൽക്കോയ്മയിൽപോലും സമുദായനേതാക്കൾ ശക്തമായി പ്രവർത്തിച്ചിരുന്നുവെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

കേരളകത്തോലിക്കാ സമുദായത്തിൽനിന്നും ഉയിർകൊണ്ട നക്ഷത്രശോഭയുള്ള മഹത്വ്യക്തിത്വങ്ങൾ കേരളരാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ സദസ്സുകളിൽ വിളങ്ങിയിട്ടുണ്ട്. യുഗപ്രഭാവനായ രാജശ്രീ ഷെവലിയർ തരിയത് കുഞ്ഞിത്തൊമ്മനെപ്പോലെയുള്ളവർ സാരഥ്യം വഹിച്ചിട്ടുള്ള കത്തോലിക്കാ കോൺഗ്രസിലൂടെയാണ്, കേരളസഭയിലെ അത്മായ മുന്നേറ്റം ശക്തിപ്രാപിക്കുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യത്തിനുവേണ്ടി 1882ൽ നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ജാതൈക്യ സംഘവും, 1905–ൽ കത്തോലിക്കാ ക്രിസ്തീയ മഹാജനസഭയും, 1918–ൽ മാന്നാനത്തു ചേർന്ന സമ്മേളനത്തിൽവച്ച് അഖിലകേരള കത്തോലിക്കാ മഹാജന സഭ രൂപീകരിക്കപ്പെടുകയും, പിന്നീട് 1930–ൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് എന്ന് പേര് സ്വീകരിക്കുകയും ചെയ്തു. നമ്മുടെ സഭയിലെ അത്മായ പ്രമുഖരുടെ പ്രാർത്ഥനയുടെയും, കൂടിയാലോചനകളുടെയും പരിശ്രമത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലമായിട്ടാണ് കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടന രൂപം കൊണ്ടത്.

തിരുവിതാംകൂർ രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായകമായ പല സമരങ്ങൾക്കും നേതൃത്വം കൊടുത്തത് കത്തോലിക്കാ കോൺഗ്രസ് ആയിരുന്നു. നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ രൂപംകൊണ്ട ജാത്യൈക സംഘം സുറിയാനി ക്രിസ്ത്യാനികളുടെ ഐക്യം സാധ്യമാക്കി. ശ്രീ. തരിയതു കുഞ്ഞിത്തൊമ്മന്റെ നേതൃത്വത്തിൽ നടന്ന പൗരസമത്വവാദസമരവും തുടങ്ങി. നിവർത്തനപ്രക്ഷോഭത്തിൽ വരെ നിർണ്ണായക സ്വാധീനം ചെലുത്താൻ സമുദായ നേതൃത്വത്തിന് സാധി ച്ചു. "ക്രിസ്ത്യൻ മെമ്മോറിയൽ" സാധിച്ചതിന്റെ പേരിൽ ദിവാന്റെ അപ്രീ തിക്കു പാത്രീഭൂതരായ സമുദായ പ്രതിനിധികളെ അവരുടെ ധീരതയെ നമുക്ക് മറക്കാനാവുമോ? സർ സി.പി. യുടെ വിദ്യാഭ്യാസ നയത്തിനെതി രെ ശക്തമായ സമരങ്ങൾക്ക് നേതൃത്വം നൽകിയ കത്തോലിക്കാ കോൺഗ്രസിനെ കാലഹരണപ്പെടുത്തിക്കളയാൻ സമുദായ സ്നേഹികൾക്കാവുമോ?

നമ്മുടെ പൂർവ്വികർ അനുഭവിച്ച പ്രതിസന്ധികൾ പുതിയ രൂപത്തിലും, ഭാവത്തിലും ഈ തലമുറയിലും പ്രത്യക്ഷമാകുമ്പോൾ, സമുദായത്തിന്റെ കൂട്ടായ്മയും, ഐക്യവും ഊട്ടിയുറപ്പിക്കുന്ന, സമുദായത്തിന്റെ ശബ്ദമായി നിലകൊള്ളേണ്ട, ഒരു പ്രസ്ഥാനം പൂർവ്വികർ വളർത്തിവലുതാക്കി നൽകിയത് ഇത

ളുകൾ നശിപ്പിച്ച് മനോഹാരിതയും, ഇച്ഛാശക്തിയും നഷ്ടപ്പെടുത്തിയാൽ നമുക്കുവേണ്ടി ആരാണ് പ്രതികരിക്കുക? പുരോഗമന ചിന്തകർ എന്ന ഭാവത്തിൽ സഭാവിരോധികളുടെ ചട്ടുകങ്ങളായി നമ്മുടെ ഇളംതലമുറ ചിതറിക്കപ്പെടാതിരിക്കാൻ, സഭാസ്നേഹത്തിലും സമുദായ ഐക്യത്തിലും അവരെ പരിശീലിപ്പിക്കാനും, പ്രബുദ്ധരാക്കാനും തീക്ഷ്ണമതികളായ അത്മായർ മുന്നിട്ടിറങ്ങണം. കത്തോലിക്കാ കോൺഗ്രസിന് അപ്രകാരമൊരു മുന്നേറ്റത്തിൽ ധാരാളം പ്രവർത്തിക്കാനുമുണ്ട്. പൂർവ്വികർ പൈതൃകമായി നൽകിയ ഈ സമുദായ സംഘടനയെക്കുറിച്ച് ആഴത്തിൽ പഠിക്കാനും, ധീര നേതാക്കളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിൽ അഭിമാനം പൂണ്ട്, സമുദായത്തിന്റെ മുഖ്യധാരയിലേക്ക് കത്തോലിക്കാ കോൺഗ്രസിനെ നയിക്കുന്നതിനും, തീക്ഷ്ണമതികളും, സമുദായ സ്നേഹികളുമായ അത്മായവിശ്വാസികൾ ആത്മാർത്ഥതയോടെ മുന്നണിപ്പോരാളികളാകണം. 2012 മെയ് അംഗത്വസ്വീകരണമാസമായി ആചരിക്കുന്നു. ഈ കാലയളവിൽ സമുദായത്തോട് പ്രതിബദ്ധതയും കൂറുമുള്ള എല്ലാ വിശ്വാസികളും ഈ സംഘടനയിൽ ചേർന്ന് പ്രവർത്തിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ സമുദായത്തിലെ വനിതാവിഭാഗത്തെയും സമുദായത്തി ന്റെ മുൻനിരയിലേക്ക് വളർത്തുവാനും, അവർ അനുഭവിക്കുന്ന അടിമത്ത ങ്ങളിൽനിന്നും മോചനം നേടാനും സ്ത്രീകളെ സജീവമാക്കണം. വിവിധ പേരുകളിൽ ഓരോ രൂപതയിലും പ്രവർത്തിക്കുന്ന വനിതാ സംഘടനക ളെ സമുദായത്തിന്റെ പൊതു നേതൃത്വത്തിലും, നിയന്ത്രണത്തിലുമാക്കാൻ സീറോമലബാർ സഭാസിനഡിന്റെ ശുപാർശയോടെ വനിതാഫോറം രൂപീകരിച്ച് പ്രവർത്തിക്കുന്നു. 2012 മാർച്ച് 14-ന് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന സംസ്ഥാന കമ്മിറ്റിയിലെടുത്ത തീരുമാനപ്രകാരം, റീജ ണൽ സമ്മേളനങ്ങൾ നടത്തിയശേഷം, സംസ്ഥാനതല സമ്മേളനം നടത്തി നേതൃത്വത്തെ തിരഞ്ഞെടുക്കാനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. എല്ലാവരുടെയും സഹകരണവും അനു വാദവും ഇതിനുണ്ടാകണം. വനിതകളെ പാരിഷ്കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ ഇടവയിലെ മറ്റു ഭരണ സമിതികൾ, ഇവയിലൊക്കെ പങ്കാളികളാക്കി സഭ അവരുടേതുമാണ് എന്ന് അനുഭവപ്പെടാൻ ഇടയാകണം. വിശ്വാസികളെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ അത്മായ പ്രസ്ഥാന ത്തെയും ശക്തമായി നയിക്കട്ടെയെന്ന് ആശംസിക്കുന്നു. ഈശോയിൽ സ്നേഹപൂർവ്വം,

ഇടുക്കി **മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
15-05-2012 സീറോ മലബാർ അത്മായ കമ്മീഷൻ അംഗം

# മതബോധനം

1 റാങ്ക് ജേതാക്കൾ

**I st Rank**



**Christy Jose**
W. Chalakudy



**Aicel Joy**
Aloor

**II nd Rank**



**Jeeva Jose**
Thazhekad



**Jasmin Thomas**
Pulinkara

**III rd Rank**



**Namitha Jacob**
Edathiruthy F.



**Juby George**
Dolours, IJK.

2 STD X 100% വിജയം നേടിയ യൂണിറ്റുകൾ

**Ambazhakad F.**
Annamannada
Kallur
Kottackal
Kumbidi
Kundur
Meladoor
Parakadavu
Pazhookara
Poovathussery
Snehagiri
Thumbarassery
Vennur

**Chalakudy F.**
Aloor St. Joseph's
Chalakudy N.
Chalakudy A. Unit
Chalakudy W.
Elinjipra Bethleham
Kottatt
Koodapuzha
Mariapuram
Kalvarikunnu
Mettipadam
Potta De Paul
Potta L.F.
Thachudaparambu
Thessery
Thuruthiparambu
Vellanchira

**Edathiruthy F.**
Chendrappinni E.
Edathiruthy F.
Fathima Nagar
Kadappuram
Kaipamangalam
Karalam
Karanchira
Kattoor
Perumbadappu
Vellani

**Irinjalakuda F.**
Don Bosco, IJK
Dolours, IJK
Kallamkunnu
Karuvannur
Oorakam
Paduanagar
Porathissery
Pullur
Vallakunnu
**Kalparambu F.**
Aripalam
Edakulam
Kodungallur
Kalparambu F.
Mathilakam
Padiyur
Vadakumkara
Vallivattam
Vellangallur
Vemballur
**Kodakara F.**
Anathadam
Ambanoli
Chokkana
Lourdpuram
Kodakara F.
Kormala
Murikingal
Parekattukara
Vallappadi
Veeranchira
Vellikulangara
**Kuttikad F.**
Aroormuzhi
Chaipankuzhi
Konnakuzhi
Kuttikad F.
Maramcode
Maramcode S.
Mothirakanny
Pillapara
Poovathingal
Pulinkara
Thumbacode
**Mala F.**
Alamattom
Kadupukara
Puliparambu
Mala F.
Thirumukulam
**Parappukara F.**
Anandapuram L.F.
Kuzhikattukonam
Mupliyam
Nandikara
Nellayi
Parappukara F.
Thottippal
**Puthenchira F.**
Kuthirathadam
Kuzhikattussery
Puthenchira F.
Thumbur
Velayanad

**3 STD XII 100% വിജയം നേടിയ യൂണിറ്റുകൾ**

Annamanada
kallur
Kottackal
Kundoor
Meladoor
Parakadavu
Pazhukara
Poovathussery
Snehagiri
Thumbarassery
S. Thanissery
Aloor
Aloor W.
Chalakudy F.
Chalakudy N.
Chalakudy W.
Elinjipra Bethleham
Karoor
Kottat
Koodapuzha
Mariapuram
Kalvarikunnu
Mettipadam
Potta De Paul
Potta L.F.
Pariyaram
Thachudaparambu
Thessery
Thuruthiparambu
Vellanchira
Chendrappinni E.
Edamuttam
Edathiruthy F.

Fathima Nagar
Kaipamangalam
Karalam
Karanchira
Kattoor
Perumpadappu
Vadachira
Vellani
Avittathur
Chemmanda
DonBosco, IJK
Dolours, IJK
Kallamkunnu
Kallettumkara
Karuvannur
Mapranam
Moorkanad
Muriyad
Nadavarambu
Oorakam
Pullur
Thazhekad
Thuravankunnu
Vallakunnu

Edakulam
Kodungallur
Kalparambu
Padiyur
Vadakumkara
Vallivattam
Vellangallur
Anathadam
Kodakara F.
Kodunga
Kormala
Lourdpuram
Mattathur
Moonumuri
Murikingal
Parekattukara
Vallapady
Veeranchira
Vasupuram
Aroormuzhi
Chaipankuzhy
Konnakuzhy
Maramcode
Maramcode S.

Mothirakanny
Munipara
Pillappara
Pulinkara
Thazhur
Thumbacode
Alamattam
Kaduppukara
Mala F.
Puliparambu
Puthenveli
Thirumukulam
Anandapuram L.F.
Kuzhikattukonam
Mupliyam
Nandikara
Parappukara F.
Thottipal
Kottanellur
Kuthirathadam
Kuzhikattussery
Puthenchira F.
Puthenchira E.
Xaviyoor

4 **അഭിനന്ദനങ്ങൾ :** X, XII ക്ലാസ്സുകളിലെ രൂപതാ മതബോധന പരീക്ഷയിൽ റാങ്കുകളും ഉന്നത വിജയവും നേടിയ വിദ്യാർത്ഥികൾക്കും യൂണിറ്റ് ഭാരവാഹികൾക്കും 100% വിജയം കരസ്ഥമാക്കിയ X, XII ക്ലാസ്സുകളിലെ യൂണിറ്റുകൾക്കും അഭിനന്ദനങ്ങൾ. 100% വിജയം നേടിയതിൽ ഏറ്റവും കൂടുതൽ പേർ പരീക്ഷ എഴുതി ട്രോഫിക്ക് അർഹമായ യൂണിറ്റുകൾ

STD X : St. Sebastian Forane Church, Kuttikad
STD XII : St. Mary's Forane Church, Chalakudy

5 **പ്രധാനാദ്ധ്യാപക മീറ്റിംഗ് :** മെയ് 26–ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30ന് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 2 മണിയോടെ അവസാനിക്കുന്നതാണ്. എല്ലാ പ്രധാന അദ്ധ്യാപകരും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ വരുവാൻ സാധിക്കാത്തവർ ഉത്തരവാദിത്വമുള്ള മറ്റൊരു അദ്ധ്യാപകനെ വിടേണ്ടതാണ്.

6 **പ്രൈവറ്റ് രജിസ്ട്രേഷൻ STD XII :** പരീക്ഷ മെയ് 26 ശനിയാഴ്ച

സ്ഥലം : സെന്റ് മേരീസ് ഹയർ സെക്കന്ററി സ്ക്കൂൾ, ഇരിങ്ങാലക്കുട

സമയം : 10.00 am - 12.00 am

7 **മതാദ്ധ്യാപക പരീക്ഷ :** പരീക്ഷയിൽ പങ്കെടുത്ത എല്ലാ മതാദ്ധ്യാപ കർക്കും പ്രത്യേകം നന്ദി. 80 ഉം 80ന് മുകളിലും മാർക്കുള്ളവർക്ക് മെയ് 12–ാം തിയ്യതി രാവിലെ 10 മണി മുതൽ 12 മണിവരെ വിദ്യാജ്യോതി യിൽവെച്ച് പരീക്ഷ നടത്തപ്പെടുന്നതാണ്.

8 **സ്കോളർഷിപ്പ് പരീക്ഷാഫലം :** സൺഡേസ്കൂൾ, വചനം എന്റെ ജീവൻ, സ്കൂൾ മതബോധനം & സന്മാർഗ്ഗം എന്നീ പരീക്ഷകളുടെ റിസൽട്ട് മെയ് 15–ാം തിയ്യതി മുതൽ മതബോധനകേന്ദ്രത്തിൽനിന്ന് ലഭി ക്കുന്നതാണ്.

9 **പാഠപുസ്തക വിതരണം :** 2012–13 വർഷത്തേക്കുള്ള പാഠപുസ്തക ങ്ങൾ മെയ് 15–ാം തീയതി മുതൽ കൊടുത്തു തുടങ്ങുന്നതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

---

# ആദരാഞ്ജലികൾ

## സി. എത്തൽറെഡ് സി.എച്ച്.എഫ്.



പുത്തൻചിറ മാളിയേക്കൽ കൂനൻ കുഞ്ഞുവറീത്–കുഞ്ഞായി ദമ്പതികളുടെ മകളായി 1927 ജൂൺ 23–ന് റീത്ത ഭൂജാതയായി. സി. എത്തൽറെഡ് എന്ന പേരോടെ 15/11/1950 ൽ ആദ്യവ്രതവും 16/05/1955 ൽ നിത്യവ്രതവും സ്വീകരിച്ചു. അദ്ധ്യാപിക യായിരുന്ന സിസ്റ്റർ 1976 മുതൽ 1983 വരെ ബിജ്നോർ, സാഗർ, ആഫ്രിക്കയിലെ ഘാന എന്നിവിടങ്ങളിൽ നിസ്തുലമായ സേവനം കാഴ്ച വച്ചിട്ടുണ്ട്. കുഴിക്കാട്ടുശ്ശേരി ഹോളി ഫാമിലി കോൺവെന്റിൽ രോഗാ വസ്ഥയിലായിരിക്കെ ഏപ്രിൽ 5–ാം തിയ്യതി സ്വർഗീയ സമ്മാനത്തിനായി വിളി ക്കപ്പെട്ടു. പരേതരായ മോൺ. ജോൺ മാളിയേക്കൽ, ഫാ. കലിസ്റ്റസ് മാളിയേക്കൽ സി.എം.ഐ. എന്നിവർ സഹോദരരും ഫാ. ജോൺ മാളിയേക്കൽ (ജൂനിയർ) സഹോദരപുത്രനുമാണ്.

## ബ്ലസ് എ ഹോം
## ഒരു വീടിനെ അനുഗ്രഹിക്കൂ

**ബ്ലസ് എ ഹോം : ഒരു കോടി രൂപ സഹായം നൽകി.**

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 700 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒരു കോടി ഒരു ലക്ഷം രൂപ നൽകിയിട്ടുണ്ട്.

**ബ്ലസ് എ ഹോം കുടുംബകൂട്ടായ്മ**

2012 ഏപ്രിൽ 14 ശനിയാഴ്ച ബിഷപ്സ്ഹൗസിൽവച്ച് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ, അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ കൂടുകയുണ്ടായി. വൈസ് പ്രസിഡന്റ് ശ്രീ. ജിജി മാമ്പിള്ളി സ്വാഗതവും മാള മേഖലാ ഡയറക്ടർ റവ. ഫാ. ലിജു മഞ്ഞപ്രക്കാരൻ നന്ദിയും പറഞ്ഞു. മാർ പോളി കണ്ണൂക്കാടൻ, മാർ ജെയിംസ് പഴയാറ്റിൽ, മോൺ. ജോസ് ഇരിമ്പൻ, മോൺ. ഡേവിസ് അമ്പൂക്കൻ, വെ. റവ. ഫാ. വർഗ്ഗീസ് ചാലിശ്ശേരി, റവ. സി. എൽസി കോക്കാട്ട് (CHF പ്രൊവിൻഷ്യാൾ), ശ്രീ. ഫ്രാൻസിസ് എടാട്ടുകാരൻ, ശ്രീ. ജോസ് കാളൻ, ശ്രീ. എവിൻ ആന്റണി എന്നിവർ അഭിസംബോധന ചെയ്ത് സംസാരിച്ചു. മാനേജിംഗ് ട്രസ്റ്റി റവ. ഫാ. വർഗ്ഗീസ് അരിക്കാട്ട് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സി. ഷീൻ റോസ് FCC, സി. ലീമ CMC, സി. അർപ്പിത CHF എന്നിവർ നേതൃത്വം നൽകി.

**സംഭാവന നല്കിയവർ**

| | | |
|---|---|---|
| 1 | Mr. Antony Jojo Thadikaran, Kattoor | 1,00,000 |
| 2 | Mr. Anto Joseph Palathingal, Kattoor | 12,000 |
| 3 | St. George Church, Puthenvelikara. C/o. Celina Joseph Sponsor Coupon | 85,000 |
| 4 | Mr. Paul Thakolkaran, Ashtamichira | 12,000 |
| 5 | Panthallookaran Lonappan Sons, Kodakara | 20,000 |
| 6 | Mr. Jenny Davis Kizhakkepeedika, Irinjalakuda | 5,000 |
| 7 | Alvernia FC Convent, Irinjalakuda | 7,000 |
| 8 | O.L.F. Church Sponsor Coupon, Kottanellur | 10,000 |
| 9 | Mr. Antony E.A. Erumakattuparambil, Irinjalakuda | 20,000 |
| 10 | Rev. Fr. Jolly Vadakkan | 15,000 |

| | | |
|---|---|---|
| 11 | St. Mary's Forane Church, Puthenchira. | |
| | C/o. Sunny Kallan Sponsor Coupon | 25,000 |
| 12 | Social Forum Irinjalakuda Diocese | 1,00,000 |
| 13 | St. Mary's Church, Karuvannur | |
| | C/o.Toby T.A. Sponsor Coupon | 8,000 |
| 14 | Mr. A.K. Joy Ruby, Jewellery Behrain | 20,000 |
| 15 | Mr. C.P. Jose Chungan Poolani, Chalakudy | 30,000 |
| 16 | St. Sebastian Church, Edakulam | |
| | C/o. Paulson U.J. Sponsor Coupon | 5,000 |
| 17 | St. Thomas Cathedral, Irinjalakuda | |
| | C/o. Sebastian Maliekal Sponsor Coupon | 5000 |
| 18 | Mr. K.K. George Karathrakaran, Irinjalakuda | 20,000 |
| 19 | Vicar & Parishioners, Holy Trinity Church Karalam | 13,000 |
| 20 | St. Mary's Church, Cheloor, Sponsor Coupon | 13,000 |
| 21 | C/o. K.V. Jose - S.H. Church, Kaduppassery | |
| | Sponsor Coupon | 5,000 |
| 22 | St. Mathew's Church, Thumboor - Sponsor Coupon | 10,000 |
| 23 | C/o. George Karuthi, Perambra - Sponsor Coupon | 5,000 |
| 24 | St. Joseph Church, Mettipadam | |
| | C/o. Varghese Sponsor Coupon | 10,000 |
| 25 | Rev. Fr. Rocky Vazhappilly, Chalakudy | 15,000 |
| 26 | Mr. Francis Antony Madappilly, Palayamparambu | 24,000 |
| 27 | Alappatt Joseph Andrews, Kattoor | 5,000 |
| 28 | Prof. K.R. Varghese Konkoth, Thumboor | 5,000 |
| 29 | Sr. Leema CMC Sponsor Coupon | 6,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി

## രൂപതാ ഡയറക്ടറി – 2012

രൂപതാ ഡയറക്ടറി – 2012–ന്റെ അച്ചടി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. മേയ് മാസത്തിൽ കോപ്പികൾ ലഭിക്കുന്നതാണ്.

– എഡിറ്റർ

# സഭാവാർത്തകൾ

**1 കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി–വിശ്വാസ കാര്യാലയത്തിന്റെയും പൗരസ്ത്യസഭകളുടെ ഉന്നതാധികാരസമിതിയിലെയും അംഗം**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയെ കത്തോലിക്കാസഭയുടെ വിശ്വാസപ്രബോധന കാര്യാലയത്തിലെ അംഗമായും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിലെ ഉന്നതാധികാര സമിതി അംഗമായും ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഈയിടെ നിയമിച്ചു. അഞ്ചു വർഷമാണ് കാലാവധി. സഭയുടെ വിശ്വാസവിഷയങ്ങളിൽ ഈ സമിതിയുമായാണ് മാർപാപ്പ കൂടിയാലോചന നടത്തുന്നത്.

**2 കർദ്ദിനാൾ മൂസാ ദാവൂദ് ദിവംഗതനായി**

സിറിയൻ കത്തോലിക്കാസഭയുടെ മുൻ പാത്രിയാർക്കീസ് കർദ്ദിനാൾ ഇഗ്നാസ് മൂസ ദാവൂദ് ഏപ്രിൽ 7–ാം തീയതി ദിവംഗതനായി. റോമിലെ പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘത്തിന്റെ പ്രീഫെക്ടായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം 2007–ലാണ് വിരമിച്ചത്. ദൈവജനത്തിനു വേണ്ടി സ്വയം സമർപ്പിച്ച വ്യക്തിത്വമായിരുന്നു കർദ്ദിനാൾ ഇഗ്നാസിന്റേതെന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

**3 ആംഗ്ലിക്കൻസ് കത്തോലിക്കാസഭയിൽ**

ഏപ്രിൽ മാസത്തിൽ ഇംഗ്ലണ്ടിൽനിന്നും വെയിൽസിൽനിന്നുമായി പ്രായപൂർത്തിയായ 3500 പേർ കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. വെസ്റ്റ്മിൻസ്റ്റർ രൂപതയിൽനിന്നായിരുന്നു കൂടുതൽ അംഗങ്ങൾ 743.

**4 ക്യൂബയിൽ ദുഃഖവെള്ളിയാഴ്ച അവധിദിനം**

ക്യൂബയുടെ കമ്മ്യൂണിസ്റ്റ് ചരിത്രത്തിലാദ്യമായി ഇത്തവണത്തെ ദുഃഖവെള്ളിയാഴ്ച ഗവണ്മെന്റിന്റെ ഔദ്യോഗിക അവധിദിനമായിരുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ക്യൂബാസന്ദർശനത്തിന്റെ അനന്തരഫലമാണ് ഈ അവധി. മാർപാപ്പയുടെ സന്ദർശനത്തിന്റെ സന്തോഷസൂചകമായി ദുഃഖവെള്ളിയാഴ്ച അവധി നൽകുമെന്ന് സന്ദർശനവേളയിൽ പ്രസിഡന്റ് റൗൾകാസ്ട്രോ പറഞ്ഞിരുന്നു. ഭാവിയിലും ദുഃഖവെള്ളിയാഴ്ച അവധിദിനമായി തുടരും. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ സന്ദർശനത്തിനുശേഷമാണ് അവിടെ ക്രിസ്മസിന് അവധി നൽകപ്പെട്ടത്.

**5 സാൻതോം മിഷൻ ഫെസ്റ്റ്**

സീറോമലബാർ സഭയുടെ ആദ്യത്തെ ഏതദ്ദേശീയ മിഷനറി സഭയായ സെന്റ് തോമാസ് മിഷനറി സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രേഷിത പ്രവർത്തനം അടുത്തറിയാനും ഭാരതസാംസ്കാരിക വൈവിധ്യം നേരി

ട്ടറിയാനും പ്രേഷിതവർഷത്തിൽ അവസരമൊരുക്കി. സാന്തോം മിഷൻ ഫെസ്റ്റ് എന്ന പേരിൽ എം.എസ്.ടി.യുടെ ആസ്ഥാനമായ മേലമ്പാറ കൂരിയ ദീപ്തി ഭവനിൽ ഈയിടെ നടന്ന ആഘോഷങ്ങളും മിഷൻ പ്രദർശനവും സീറോമലബാർ സഭ കൂരിയ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ ഉദ്ഘാടനം ചെയ്തു.

**6 ജൂൺ ബൈബിൾ പാരായണ മാസം**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രത്യേക താൽപര്യപ്രകാരം ഈ വർഷംമുതൽ ബൈബിൾ പാരായണമാസം ആചരിക്കും. ജൂൺ 1 മുതൽ 30 വരെയാണ് ബൈബിൾ പാരായണമാസമായി ആചരിക്കുന്നതെന്ന് കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർക്കുലർ വ്യക്തമാക്കുന്നു. രൂപത–ഇടവക തലത്തിലുള്ള ബൈബിൾ പാരായണ സംരംഭങ്ങൾക്ക് പുറമെ, കുടുംബയൂണിറ്റുകളിലും കുടുംബങ്ങളിലും വ്യക്തിപരമായും ബൈബിൾ സാഘോ ഷം പാരായണം ചെയ്യുന്നതിനായി ഈ മാസം മാറ്റി വക്കുകയാണെന്ന് ചെയർമാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ അറിയിച്ചു.

**റവ. ഡോ. ആന്റണി മഞ്ഞളി**

---


# SAHRDAYA

**College of Advanced Studies Affiliated to the University of Calicut Kodakara, P.B.No 18,Thrissur 680684**

**നമ്മുടെ രൂപതയുടെ എഡ്യുക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ (IDET) 2011 ഡിസംബർ 31 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം നിർവഹിച്ച സഹൃദയകോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന പുതിയ കോളേജിൽ താഴെ പറയുന്ന കോഴ്സുകൾ ജൂൺമാസം ആരംഭിക്കുന്നു.**

**BBA**

**BCA**

**B.Com**

**B.Sc.**

**Psychology**

- ❖ +2 കഴിഞ്ഞ വിദ്യാർത്ഥികളിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു.
- ❖ അപേക്ഷ ഫോം 2012 ഏപ്രിൽ 15 മുതൽ SAHRDAYA College of Advanced Studies ൽനിന്നോ SAHRDAYA Eng. College Office ൽ നിന്നോ ഇരിങ്ങാലക്കുട Bishop’s Houseൽനിന്നോ ലഭിക്കുന്നതാണ്.
- ❖ അപേക്ഷ നൽകേണ്ട അവസാന തിയതി 23/05/2012.
- ❖ പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിൽ ആയിരിക്കും.
- ❖ പെൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
- ❖ ഇരിങ്ങാലക്കുട, ആമ്പലൂർ, മാള, ചാലക്കുടി, കുറ്റിക്കാട്, വെള്ളിക്കുളങ്ങര എന്നിവിടങ്ങളിൽ നിന്ന് കോളേജ് ബസ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് :Contact- 9447149106, 9495883637, 9946106555

**മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ**
മാനേജർ

# സംഘടനാവാർത്തകൾ

## കെ.സി.വൈ.എം.

1 **അന്താരാഷ്ട്ര ജലദിനാചരണം – കൊന്നക്കുഴി**

കെ.സി.വൈ.എം. രൂപത സമിതിയുടെ ജലദിനാചരണം മാർച്ച് 22–ന് കൊന്നക്കുഴി ചാലക്കുടി പുഴയിൽവച്ച് നടത്തി. ഫാ. ജോസഫ് സണ്ണി മണ്ടകത്ത് ഉദ്ഘാടനം ചെയ്തു. രൂപത ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. ലാജോ ഓസ്റ്റിൻ, ലിജോ പയ്യപ്പിള്ളി, ബൈജു ചെട്ടുപറമ്പിൽ, സ്റ്റെബിൻ പൗലോസ്, ബേബിച്ചൻ, ജിയോ ജെ. അരിക്കാട്ട്, നിധിൻ ടോണി എന്നിവർ പ്രസംഗിച്ചു. കൊന്നക്കുഴി പള്ളി വികാരി ഫാ. ജോയ് പെരേപ്പാടൻ ജലസംരക്ഷണ പ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി.

2. **കനകമല തീർത്ഥാടനം**

ഏപ്രിൽ 1 ഓശാന ഞായറാഴ്ച കനകമല തീർത്ഥാടനം കെ.സി.വൈ.എം. രൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ, രൂപത ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസിന് കുരിശ് കൈമാറി, പരിത്യാഗയാത്ര ഉദ്ഘാടനം ചെയ്തു. തുടർന്ന് പിതാവ്, യുവജനങ്ങളുടെ കൂടെ മല കയറി, കനകമല കുരിശടിയിൽ വി. ബലി അർപ്പിച്ചു. അസി. ഡയറക്ടർ ഫാ. ജോസഫ് സണ്ണി മണ്ടകത്ത്, ഫാ. നിക്സൻ ചാക്കോര്യ, ലാജോ ഓസ്റ്റിൻ, സ്റ്റെബിൻ പൗലോസ്, ജെറി പൗലോസ്, ഡിഗ്നാ ഡേവിസ്, ബൈജു ചെട്ടുപറമ്പിൽ എന്നിവർ നേതൃത്വം നൽകി. കെ.സി.വൈ.എം. കനകമല യൂണിറ്റിന്റെ നേതൃത്വത്തിലായിരുന്നു പരിത്യാഗയാത്ര സംഘടിപ്പിച്ചത്.

3. **ജോൺപോൾ പാപ്പാ ദിനം – വെളയനാട്**

രൂപത കെ.സി.വൈ.എം.–ന്റെ നേതൃത്വത്തിൽ പരി. ജോൺപോൾ II പാപ്പയുടെ ഏഴാം ചരമവാർഷികദിനം വെളയനാട് പള്ളിയിൽ ആചരിച്ചു. ഫാ. ബെന്നി അരിമ്പുള്ളി ദിനാചരണം ഉദ്ഘാടനം ചെയ്തു. സംസാരിച്ചു. ബാസ്റ്റിൻ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. ലാജോ ഓസ്റ്റിൻ, സ്റ്റെബിൻ പൗലോസ്, നിധിൻ ടോണി, ബൈജു ചെട്ടുപറമ്പിൽ, ഡിഗ്നാ ഡേവിസ്, ആന്റണി പോൾ, റിബ്സൺ, സിനോയ്, ആൽബർട്ട് എന്നിവർ പ്രസംഗിച്ചു.

പരി. പിതാവിന്റെ ഛായാചിത്രത്തിൽ ഇടവക ജനങ്ങൾ പുഷ്പാർച്ചന നടത്തി.

**4 കെ.സി.വൈ.എം. ലീഡേഴ്സ് മീറ്റ്**

ഇരിങ്ങാലക്കുട രൂപത കെ.സി.വൈ.എം–ന്റെ നേതൃസംഗമം, ലീഡേഴ്സ് മീറ്റ് 2012 ആളൂർ മാർത്തോമ്മാ സെന്ററിൽ ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. രൂപതയിലെ എല്ലാ കെ.സി.വൈ.എം. യൂണിറ്റുകളിലെയും ഭാരവാഹികൾ പങ്കെടുത്ത യോഗത്തിൽ തൃശ്ശൂർ അഡീ. ഗവ. പ്ലീഡർ അഡ്വ. റോയ് ജോർജ്ജ്, കെ.സി.വൈ.എം. 2012 കർമ്മ പദ്ധതി "കർമ്മരേഖ" പ്രകാശനം ചെയ്തു. രൂപത ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.സി.വൈ.എം. പ്രഥമ ചെയർമാൻ പ്രൊഫ. പി.എൽ. ആന്റണി, കലാപ്രതിഭ ജെറി പൗലോസ് എന്നിവരെ ആദരിച്ചു. "നവസുവിശേഷവൽക്കരണം നവയുഗസൃഷ്ടിക്ക്"എന്ന വിഷയത്തെ ആധാരമാക്കി ജോമോൻ വെള്ളാപ്പള്ളി ക്ലാസ്സ് നയിച്ചു. ഫാ. കിൻസ് എളങ്കു ന്നപ്പുഴ, ലാജോ ഓസ്റ്റിൻ, സ്റ്റെബിൻ പൗലോസ്, സിറിയക് ചാഴിക്കാ ടൻ, തോംസൺ ചിരിയങ്കണ്ടത്ത്, നൈജോ വാസുപുരത്തുകാരൻ, ബൈജു ചെട്ടുപറമ്പിൽ, ലിജോ പയ്യപ്പിള്ളി, ജിയോ ജെ. അരിക്കാട്ട്, ജാസ്മിൻ ജോളി, സിന്റോ എന്നിവർ പ്രസംഗിച്ചു.

**ഫാ. കിൻസ് എളംകുന്നപ്പുഴ**
ഡയറക്ടർ.

## കരിസ്മാറ്റിക് മൂവ്മെന്റ്

**പാരിഷ് ഫെസ്റ്റ്**

ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 7 തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 3 വരെ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽവച്ച് പാരിഷ് ഫെസ്റ്റ് ആചരിക്കുന്നു.

**പന്തക്കുസ്താദിനം**

മെയ് 27 ഞായറാഴ്ച പന്തക്കുസ്തദിനമായി ആചരിക്കുന്നു.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

# സോഷ്യൽ ആക്ഷൻ

## Wefare Programs

1. ഏപ്രിൽ 16 മുതൽ 385 ഗ്രാമശ്രീ സംഘങ്ങളുടെ 2011–12 കാലഘട്ടത്തിലെ വരവ് ചിലവ് കണക്കുകളുടെ ഓഡിറ്റിംഗ്, രജിസ്ട്രേഷൻ, ഗ്രേഡിംഗ് എന്നിവ SAFI-യിൽ
2 ഏപ്രിൽ 17–ന് SAFP, FFA പദ്ധതി ഗുണഭോക്താക്കൾക്ക് മുട്ട കോഴി വളർത്തലിൽ EDP ട്രെയിനിംഗ്.
3 ഏപ്രിൽ 25–ന് മികച്ച 10 ഗ്രാമശ്രീ സംഘങ്ങൾക്ക് വരുമാനദായകസംരം ഭങ്ങൾ തുടങ്ങുവാനായി 20,000 രൂ വീതം വായ്പ.
4 മെയ് 12, 13 തിയ്യതികളിൽ SAFI & RAJAGIRI OUTREACH CHILD SPONSORSHIP PROGRAM-ന്റെ ഭാഗമായി ഇരിങ്ങാലക്കുട, ചാലക്കുടി, മാള മേഖലാടിസ്ഥാനത്തിൽ 620 പേർ പങ്കെടുക്കുന്ന കരിയർ ഗൈഡൻസ് ക്യാമ്പ്.
5 ജൂൺ 4ന് SLF പദ്ധതിയിലൂടെ 80,000 രൂപ ചിലവിൽ ആശാനിലയം കൊറ്റനെല്ലൂരിലെ പുനരുദ്ധരിച്ച ഫിസിയോ തെറാപ്പി യൂണിറ്റിന്റെ ഉദ്ഘാടനം.
6 MANOS പദ്ധതിയുടെ ഭാഗമായി 4 മഴവെള്ള സംഭരണികളുടെ നിർമ്മാണം.
7 MANOS പദ്ധതിയുടെ ഭാഗമായി തീരപ്രദേശത്തെ 15 ഗ്രാമശ്രീ സംഘങ്ങൾക്ക് വരുമാനദായക സംരംഭങ്ങൾ ആരംഭിക്കുവാനായി 15,000 രൂപ വീതം വായ്പാസഹായം.
8 മെയ് 4ന് സോഷ്യൽ ആക്ഷന്റെ വിവിധ പദ്ധതികളുടെ 2011–12 കാലഘട്ടത്തിലെ വരവ് ചിലവ് കണക്കുകളുടെ ഓഡിറ്റിംഗ് M/S Joseph CM & Associates Ernakulam നടത്തുന്നു.
9 സൗജന്യ എൻട്രൻസ് പരിശീലനത്തിലേക്ക്, ഈ വർഷത്തെ SSLC പരീക്ഷയിൽ 88%ൽ അധികം മാർക്ക് നേടിയ നിർദ്ധനരായ വിദ്യാർത്ഥികളിൽനിന്നും വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി അപേക്ഷകൾ ക്ഷണിക്കുന്നു. അർഹതപ്പെട്ട 25 വിദ്യാർത്ഥികളെ മാത്രമേ തെരഞ്ഞെടുക്കുകയുള്ളൂ. അപേക്ഷകൾ 2012 മെയ് 18ന് മുൻപായി സോഷ്യൽ ആക്ഷൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## SPEED PROJECT

* 14 വില്ലേജുകളിൽ Soil & Water Quality Tests
* 12 Gender based Camp

* 1 Cancer detection Camp
* 14 വില്ലേജുകളിൽ പരിസ്ഥിതി പഠന സെമിനാറുകൾ, ജൈവകൃഷി പ്രോത്സാഹനക്ലാസ്സുകൾ
* 2 വില്ലേജുകളിൽ Filter Tanks
* Parakadavu, Annamanada, Kuzhoor പഞ്ചായത്തുകളിൽ പൊതു ആരോഗ്യസെമിനാർ.
* മെയ് 28, 29 തിയ്യതികളിൽ SAFI & Rajagiri Outreach Child Sponsorship Programme-ന്റെ ഭാഗമായി 494 വിദ്യാർത്ഥികൾക്ക് 7,41,000 രൂപയുടെ പഠനസഹായവിതരണം.
* മെയ് 30–ന് തൃശ്ശൂർ പ്രൊഫ. P.C. തോമസ്സുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന സൗജന്യ എൻട്രൻസ് കോച്ചിംഗ് പദ്ധതി (2012–2013 അദ്ധ്യയനവർഷത്തെ) വിദ്യാർത്ഥി–രക്ഷാകർത്തൃയോഗം)
* ഏപ്രിൽ 23, 24 ദിവസങ്ങളിൽ Wings പദ്ധതിയുടെ ഭാഗമായി SSLC, +2 വിദ്യാർത്ഥികൾക്കായി അവധിക്കാല കരിയർ വ്യക്തിത്വവികസന പരിശീലനപരിപാടി, ഇരിങ്ങാലക്കുട, മാള, ചാലക്കുടി എന്നിവിടങ്ങളിൽ 9.30 മുതൽ 4.30 വരെ.

## IDEA PROJECT

* 17-4–2012–ന് എടത്തിരുത്തി പള്ളിഹാളിൽ അനുദിനജീവിതസാഹചര്യ രോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ്.
* 22-4–2012–ന് ഈസ്റ്റ് ചെന്ത്രാപ്പിന്നിയിൽ മെഡിക്കൽ ക്യാമ്പ്.
* മെയ് 4–ന് സോഷ്യൽഫോറം ഓഡിറ്റോറിയത്തിൽവച്ച് ജനസമ്പർക്കപരിപാടി.
* മെയ് 12–ന് തുമ്പൂർ ഹൈസ്ക്കൂളിൽവച്ച് മാതാപിതാക്കൾക്ക് Motivation Class.
* മെയ് 16–ന് പറപ്പൂക്കര ഹൈസ്ക്കൂളിൽവച്ച് മാതാപിതാക്കൾക്ക് Motivation Class.
* മെയ് 21–ന് പുത്തൻവേലിക്കര പള്ളി ഹാളിൽവച്ച് ജീവിതരീതിരോഗങ്ങളെക്കുറിച്ചുള്ള ആരോഗ്യബോധവൽക്കരണ സെമിനാർ.
* ജൂൺ 15–ന് പരിയാരം ഹാളിൽവച്ച് ജനസമ്പർക്ക പരിപാടി.
* ജൂൺ 20–ന് തുമ്പൂർ ഹൈസ്ക്കൂളിൽവച്ച് മയക്കുമരുന്നിന്റെ ദുരുപയോഗത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്.
* ജൂൺ 27–ന് പറപ്പൂക്കര ഹൈസ്ക്കൂളിൽവച്ച് മയക്കുമരുന്നിന്റെ ദുരുപയോഗത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

# അവാർഡ്

I. **Spiritual Renewal Day :** ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനുമുള്ള മാസധ്യാനം മെയ് 2–ന് ബുധനാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ പരിയാരം CSR-ൽവെച്ച് നടത്തപ്പെടുന്നു.

2. **General Body Meeting :** അവാർഡിന്റെ 26–ാം വാർഷിക പൊതുയോഗം അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ 2012 മെയ് 21–ന് അവാർഡിൽ ചേരുന്നു. 2011–12 വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും 2012–13 വർഷത്തെ ബഡ്ജറ്റും വാർഷിക പദ്ധതിയും പൊതുയോഗത്തിൽ അവതരിപ്പിക്കും.

3 **Farewell :** 3 വർഷം അവാർഡിന്റെ സെക്രട്ടറി കം ട്രഷററായി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച റവ. സി. ഗിൽദാസ് CSC യ്ക്ക് അവാർഡ് കുടുംബം നന്ദിയും യാത്രാമംഗളങ്ങളും ആശംസിക്കുന്നു.

## II. Family Development Department

1 **Sub Committee Meeting :-** KSSWB–യുടെ നേതൃത്വത്തിലുള്ള അവാർഡിലെ ഫാമിലി കൗൺസലിംഗ് സെന്ററിന്റെ സബ് കമ്മിറ്റി 28–ന് നടക്കും.

2 **Farewell :-** 4 വർഷം അവാർഡിലെ ഫാമിലി കൗൺസിലറായി സേവനം അനുഷ്ഠിച്ച് പോട്ട ധന്യ ഹോസ്പിറ്റലിന്റെ അസി. അഡ്മിനിസ്ട്രേറ്റർ & PRO ആയി ചാർജ്ജെടുക്കുന്ന റവ. സി. ജോഫി ജീസ് FCC–ക്ക് യാത്രാമംഗളങ്ങളും നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

3 **Legal Advice :-** കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യസേവനം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ അവാർഡിൽ ലഭ്യമാക്കുന്നു.

## III. Community Based Rehabilitation Prog.

1 **Farewell :-** 13 വർഷം അവാർഡിൽ സേവനശുശ്രൂഷ ചെയ്ത് വിശ്രമജീവിതം നയിക്കാൻ ഒരുങ്ങുന്ന ശ്രീ. മാത്യു ജോസഫിന് അവാർഡ് കുടുംബം കൃതജ്ഞതയുടെ നറുമലരുകൾ അർപ്പിക്കുന്നു.

2 **Scholarship Distribution :-** അവാർഡിന്റെ നേതൃത്വത്തിലുള്ള സർഗ്ഗ അംഗങ്ങളായിട്ടുള്ള 6, 7, 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന 31 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

3 **Annual Day Celebration. :-** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 5 സർഗ്ഗകൾ വാർഷികം ആഘോഷിക്കുന്നു

## IV. Community Based Organisation

1 **Annual general bodies:-** അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി, മറ്റത്തൂർ, വരന്തരപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെ ദേശം വികസന സംഘടനകൾ അവരുടെ പൊതുയോഗങ്ങൾ നടത്തുന്നു. പ്രവർത്തനറിപ്പോർട്ടും ഓഡിറ്റിംഗ് സ്റ്റേറ്റ്മെന്റും, ബഡ്ജറ്റും, വാർഷികപദ്ധതികളും പൊതുയോഗത്തിൽ അവതരിപ്പിച്ച് അനുമതി നേടുക.

2 **Scholarship distribution :-** അവാർഡിന്റെ നേതൃത്വത്തിലുള്ള ചിൽഡ്രൻസ് ക്ലബ് അംഗങ്ങളിൽ പഠനത്തിൽ മികവ് പുലർത്തിയവർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു. A Grade കരസ്ഥമാക്കിയവർക്ക് സ്പെഷൽ സ്കോളർഷിപ്പും വിതരണം ചെയ്യുന്നു.

3 **Farewell :-** വരന്തരപ്പിള്ളി പഞ്ചായത്തിലെ അവാർഡിന്റെ റീജിയണൽ കോ–ഓർഡിനേറ്ററായി 3 വർഷം സേവനം അനുഷ്ഠിച്ച് തവളപ്പാറ കോൺവെന്റിലെ മദർ സുപ്പീരിയർ ആയി ചാർജ്ജെടുക്കുന്ന റവ. സി. വനജ ഫ്ളവർ CSC-ക്ക് അവാർഡ് കുടുംബം നന്ദിയും യാത്രാമംഗളങ്ങളും അനുമോദനങ്ങളും അർപ്പിക്കുന്നു.

## V. Micro Group Insurance

1 **Scholarship distribution :-** LIC India Insurance Co.-യുടെ 'ജനശ്രീ ഭീമ യോജന' പദ്ധതിപ്രകാരം ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുടെ 48 കുട്ടികൾക്കുള്ള സ്കോളർഷിപ്പ് അവാർഡിൽ വിതരണം ചെയ്യുന്നു.

2 **Commission distribution :-** ഗൃഹോപകരണ പദ്ധതിയിലെ ഫീൽഡ്തല ഏജന്റ്മാർക്കുള്ള കമ്മീഷൻ അവാർഡിൽ വിതരണം ചെയ്യുന്നു.

## VI. Agricultural Department

**A WGDP**

1 **Annual general body :-** കാരത്തോട് നീർത്തടപദ്ധതി പ്രദേശത്തെ പ്രാദേശിക വികസന സമിതികൾ വാർഷികം ആഘോഷിക്കുന്നു.

2 **Awareness Prog. :-** അരീക്കൽതോട് നീർത്തടപദ്ധതി പ്രദേശത്തെ കർഷകർക്കായി ജൈവകൃഷിയെ പ്രോത്സാഹനത്തിനായി ബോധവൽക്കരണ സെമിനാർ നടത്തുന്നു..

**B KRWSA**

1 **Beneficiary group formation :-** എളവള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തോറും ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സുസജ്ജമാക്കുന്നു.

## VII. Research & Training Dept.

1 **Block placement:-** കോഴിക്കോട് Little Flower Institute of Social Science and Health - Lissah കോളേജിലെ 4 BSW വിദ്യാർത്ഥികൾ അവരുടെ Placement അവാർഡിൽ നടത്തുന്നു.

2 **Certificate Distribution :-** നെടുപുഴ ഗവ. വനിതാ പോളിടെക്നിക് കോളേജിന്റെ സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കിയ Fashion Designing & Jewellery making Courseൽ പങ്കെടുത്ത 25 പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം 23–ാം തിയ്യത് അവാർഡിൽ നടത്തുന്നു.

**ഫാ. ജോസ് അമ്പൂക്കൻ**
എക്സി. ഡയറക്ടർ

## സാൻജോസദൻ

**മെയ് 2012**

| | |
|---|---|
| 2 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 4 | സ്റ്റാഫ് മീറ്റിംഗ് |
| 7 | ക്ലിനിക്കൽ മീറ്റിങ്ങ് |
| 16 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 20 | ഫോളോ അപ്പ് |
| 30 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 31 | ലോക പുകയില ദിനം |

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ



## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. ജെയ്ക്കബ് വേഴപറമ്പിൽ | 10–05–1981 |
| മോൺ. സക്കറിയാസ് പുതുശ്ശേരി | 13–05–1988 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് (Jr.) | 08–05–1996 |
| റവ. ഫാ. ആന്റണി പറോക്കാരൻ | 20–05–2000 |
| റവ. ഫാ. വിൽസൻ ഊക്കൻ | 14–05–2003 |

## സ്പിരിചാലിറ്റി സെന്റർ

1 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ചവരെ രാവിലെ 8 മുതൽ വൈകീട്ട് 7.30 വരെ ആരാധനയ്ക്ക് എഴുന്നള്ളിച്ചുവച്ചിരിക്കും.

2 **ബി. പ്ലസ് കൂട്ടായ്മ :** മാസത്തിൽ ആദ്യ ചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ, വചന സന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന എന്നിവ ഉണ്ടായിരിക്കും.

3 **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ പ്രസിദ്ധ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷകൾ എന്നിവ നടത്തപ്പെടുന്നു. സമയം : രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ.

4 **പ്രേഷിത കൂട്ടായ്മ :** മാസത്തിന്റെ ആദ്യ വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് (മെയ് 3 & മെയ് 31)

5 **ജെറീക്കോ പ്രാർത്ഥന :** 12–ാം തീയതി ശനിയാഴ്ച വൈകിട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8ന് സമാപിക്കുന്നു

6 **അഖണ്ഡ ജപമാല :** 27–ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 5 മണിയുടെ കുർബാനയോടെ സമാപിക്കുന്നു.

7 ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു. ദിവസം താഴെ ചേർക്കുന്നു. ഭക്ഷണം ഇവിടെ ഒരുക്കുന്നതായിരിക്കും.

### മെയ് മാസത്തിൽ ഓരോ വൈദികരുടെയും പ്രാർത്ഥനാ ദിവസം

1 Fr. Joseph Palathingal
2 Fr. Raphel Panjikaran
3 Fr. Daviz Kudiyirickal
4 Fr. Jose Maniparambil
5 Fr. Thomas Pudussery
7 Fr. Jolly Vadakkan
8 Fr. Joy Nellissery
9 Fr. Davis Thattil
10 Fr. Joy Paliakkara
11 Fr. Pauly Padayatty
12 Fr. Davis Kallingal
14 Fr. Davis Maliekal
15 Fr. Thomas Aluka
16 Fr. Raphel Ambadan
17 Fr. Stephen Cherappanath
18 Fr. Vincent Parayil
19 Fr. Lazar Kuttikadan
21 Fr. Varghese Pathadan

22 Fr. Jose Maliekal
23 Fr. Paul Cheruvathur
24 Fr. Varghese Palathingal
25 Fr. Ignatius Chittilappilly
26 Fr. Sebastian Panjikaran
28 Fr. Antony Thekkineth
29 Fr. Antony Mukkatukarakkaran
30 Fr. Jose Vithamattil
31 Fr. Raphel Puthenveetil

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

## ബി. എൽ. എം. ധ്യാനകേന്ദ്രം

**ധ്യാനകേന്ദ്രത്തിലെ മെയ് മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

| | | |
|---|---|---|
| 3, 4, 5, 6 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| 10, 11, 12, 13 | : | യുവജനധ്യാനം |
| 17, 18, 19, 20 | : | ദമ്പതീധ്യാനം |
| 21, 22, 23 | : | കുട്ടികളുടെ ധ്യാനം (5, 6, 7, 8 ക്ലാസ്സുകാർക്ക്) |
| 24, 25, 26, 27 | : | ആന്തരികസൗഖ്യധ്യാനം |
| 28, 29, 30 | : | കുട്ടികളുടെ ധ്യാനം |

**ധ്യാനകേന്ദ്രത്തിലെ മറ്റ് ശുശ്രൂഷകൾ**

* **ഏകദിന കൺവെൻഷൻ**
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ 3 വരെ.
* **നിത്യാരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും**
  എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകീട്ട് 4 വരെ.
* **വിധവകളുടെ ഏകദിന ധ്യാനം**
  14. 5. 2012 രാവിലെ 10 മണി മുതൽ വൈകീട്ട് 3.30 വരെ.
* **ഏകസ്ഥരുടെ കൂട്ടായ്മ**
  25. 5. 2012 രാവിലെ 10 മണി മുതൽ വൈകീട്ട് 3.30 വരെ.
* **ജാഗരണ പ്രാർത്ഥന**
  15. 5. 2012 രണ്ടാമത്തെ ചൊവ്വാഴ്ച വൈകീട്ട് 6 മുതൽ രാവിലെ 6 വരെ.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## സി.എൽ.സി.

**1 450–ാം ലോക CLC ദിനാഘോഷം**

ഇരിങ്ങാലക്കുട രൂപത CLC-യുടെ നേതൃത്വത്തിൽ 450–ാം ലോക CLC ദിനാഘോഷം പുല്ലൂർ സെന്റ് സേവിയേഴ്സ് ദേവാലയത്തിൽ നടന്നു. ആഘോഷ പരിപാടികൾ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സൈമൺ പുല്ലോക്കാരൻ അധ്യക്ഷത വഹിച്ചു. പുല്ലൂർ പള്ളി വികാരി ഫാ. ജോസ് ചിറ്റിലപ്പിള്ളി CMI അനുഗ്രഹപ്രഭാഷണം നടത്തി. ഡയറക്ടർ ഫാ. റിജു പൈനാടത്ത് ആമുഖപ്രഭാഷണം നടത്തി. പുല്ലൂർ CLC ഡയറക്ടർ ഫാ. ജിന്റോ കാരേക്കാട്ട് CMI മരിയൻ പ്രയാണം പ്രകാശനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് പിന്റോ പാപ്പച്ചൻ സ്വാഗതവും രൂപത സെക്രട്ടറി ഷോബി കെ. പോൾ നന്ദിയും പറഞ്ഞു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. വിനീഷ് വട്ടോലി പതാക വന്ദനം നടത്തി. 'യുവജനവിശ്വാസവും മാധ്യമങ്ങളും' എന്ന വിഷയത്തിൽ മുൻ രൂപത CLC പ്രസിഡന്റ് എം.എ. ജോൺസൺ ക്ലാസ് നയിച്ചു. രൂപത CLC ഭാരവാഹികളായ സിജോ വെള്ളാനിക്കാരൻ, സിജി എം.ജി., റിയ ജോസ് കല്ലേലി, സിറിൽ ആന്റണി, സഞ്ചു വർഗ്ഗീസ്, മേബിൾ ജോസ്, ഇടവക ട്രസ്റ്റി സുനിൽ ചെരടായി തുടങ്ങിയവർ പ്രസംഗിച്ചു.

**2 ഗ്ലോറിയ 2012 – ജൂനിയർ CLC ക്ലാസ്സ്**

വളർന്നു വരുന്ന ജൂനിയർ CLC അംഗങ്ങൾക്കായി മെയ് മാസം 25, 26, 27 എന്നീ തിയ്യതികളിൽ മാപ്രാണം ഹോളിക്രോസ് ദേവാലയത്തിൽ വച്ച് ത്രിദിനക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. ഭാവി തലമുറയെ മരിയൻ ചൈതന്യത്തിലും, ക്രിസ്തീയ വിശ്വാസത്തിലും വളർത്തിയെടുക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. 25–ന് വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് 27–ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിയോടെ സമാപിക്കുന്ന വിധത്തിലാണ് പരിപാടി. ഓരോ ഇടവകയിൽനിന്നും 15–ൽ കുറയാതെ ജൂനിയർ CLC അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 50 രൂപ. വിശദവിവരങ്ങൾക്ക് 9745603863.

**3. ഇടവക സന്ദർശനം**

രൂപത CLC ഭാരവാഹികൾ CLC ഡയറക്ടർ ഫാ. റിജു പൈനാടത്തിനോടൊപ്പം പൂവ്വത്തുശ്ശേരി ഇടവക CLC സന്ദർശിച്ചു. രൂപതയിലെ എല്ലാ ഇടവക CLC യൂണിറ്റുകളും സന്ദർശിക്കുന്നുണ്ട്. ഇടവകയിൽ CLC യുടെ മീറ്റിംഗ് നടക്കുന്ന സമയവും തിയ്യതിയും രൂപത ഭാരവാഹികളെ പ്രത്യേകം അറിയിക്കുമല്ലോ.

**ഫാ. റിജു പൈനാടത്ത്**
പ്രമോട്ടർ

# ചെറുപുഷ്പ മിഷൻ ലീഗ്

"ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ" എന്ന 13–ാം ലെയോ മാർപാപ്പയുടെ ആപ്തവാക്യം ഉൾക്കൊണ്ട്, പ്രേഷിതപ്രവർത്തനവും വ്യക്തിത്വ വികസനവും ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന മിഷൻ ലീഗ് എന്ന സംഘടന 1947 ഒക്ടോബർ 3–ാം തിയ്യതി ഭരണങ്ങാനത്ത് ആരംഭിച്ചു. അഖിലലോകമിഷൻ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായാണ് ഈ സംഘടനയുടെ മദ്ധ്യസ്ഥ.

ക്രമേണ നമ്മുടെ ഇരിങ്ങാലക്കുട രൂപതയിലും പ്രവർത്തനങ്ങളാരംഭിച്ചു. നിർജ്ജീവമായി കിടന്നതിനെ ജീവസ്സുറ്റതാക്കികൊണ്ട് ഉണർന്ന് പ്രവർത്തിക്കാനും, സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങൾ മുറുകെ പിടിച്ച് മുന്നേറുന്നു. 2012 മാർച്ച് 31–ന് ആളൂർ വരപ്രസാദമാതാ പള്ളിയിൽവച്ച് ചെറുപുഷ്പ മിഷൻ ലീഗ് എന്ന സംഘടന ബഹു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഔദ്യോഗികമായി രൂപതാഭാരവാഹികളെ തെരഞ്ഞെടുത്തു. അന്നേദിവസം സംസ്ഥാനജനറൽ സെക്രട്ടറി അംഗങ്ങൾക്ക് സംഘടനയെക്കുറിച്ച് ബോധവൽക്കരണ സെമിനാർ നടത്തി.

**2012–13 വർഷത്തെ ഭാരവാഹികൾ**

| | | |
|---|---|---|
| ഡയറക്ടർ | : | റവ. ഫാ. ജിനോജ് കോലംചേരി |
| വൈസ് ഡയറക്ടേഴ്സ് | : | സി. ദീപ്തി MSMI മറ്റത്തൂർ |
| | : | സി. അനില SKD കടുപ്പശ്ശേരി |
| ആനിമേറ്റേഴ്സ് | : | ജിജോ നാലുകണ്ടൻ, കുറ്റിക്കാട് |
| | | ജിന്റോ നാലുകണ്ടൻ, കുറ്റിക്കാട് |
| പ്രസിഡന്റ് | : | ജീവൻ എരിഞ്ചേരി |
| വൈ. പ്രസിഡന്റ് | : | എവീന പുത്തൻപീടിക |
| സെക്രട്ടറി | : | അഖില വടക്കേപീടിക |
| ജോ. സെക്രട്ടറി | : | ജോമോൻ വേരംപിലാവ് |
| ട്രഷറർ | : | റെജീഷ് കോഴിപ്പാടൻ |
| കമ്മറ്റി അംഗങ്ങൾ | : | റോഷൻ വടക്കേപീടിക, ബിന്റോ ചെറുവള്ളപ്പിൽ |
| | : | ജെറിൻ പട്ടത്തുപറമ്പിൽ, സ്മിനു മഞ്ഞൂക്കാരൻ |

പ്രേഷിതവർഷത്തിന്റെ ഭാഗമായി 2012 മെയ് 13 കൊച്ചി രൂപതയിൽവച്ച് പ്രേഷിതസംഗമ റാലി നടത്തപ്പെടുന്നു. അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

**ഫാ. ജിനോജ് കോലംചേരി**
ഡയറക്ടർ

# സെന്റ് പോൾസ് മൈനർ സെമിനാരി

1 വി. യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ സമുചിതമായി ആചരിച്ചു. ബഹു. റിജോയ് പഴയാറ്റിലച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു; പ്രാർത്ഥനാശംസകൾ അർപ്പിച്ചു. അഭിവന്ദ്യ ജെയിംസ് പിതാവ് ആഘോഷമായ ദിവ്യബലി അർപ്പിച്ചു.

2 അദ്ധ്യയനവർഷത്തിന്റെ സമാപനത്തിൽ സ്റ്റാഫ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി.

3 കുടുംബവർഷസമാപനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട കത്തീഡ്രൽ ഇടവകയിലെ 'സ്ഥാപന കൂട്ടായ്മ'യിൽ പങ്കെടുത്തു.

4 ആളൂർ തിരുഹൃദയഭവനത്തിൽ സംഘടിപ്പിക്കപ്പെട്ട 'ഇരിങ്ങാലക്കുട രൂപത ഫോർമേഷൻ കൗൺസിൽ' യോഗത്തിൽ പങ്കെടുത്തു.

5 'യുവജനവർഷ ലോഗോ' മത്സരത്തിൽ പങ്കെടുത്ത സെമിനാരിയിലെ ബ്ര. ജിബിൻ നായത്തോടൻ പ്രോത്സാഹന സമ്മാനത്തിനർഹനായി.

6 പൗരോഹിത്യ സ്വീകരണത്തിന് മുന്നോടിയായുള്ള വിവിധ 'പട്ടങ്ങൾ' നൽകുന്ന ശുശ്രൂഷയ്ക്ക് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവ് അനുഗ്രഹാശ്ശിസ്സുകൾ നേർന്നു.

7 'സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസി'ൽ മേജർ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി യുവജനവർഷ റിസോഴ്സ് സെമിനാർ സംഘടിപ്പിച്ചു.

**സാമ്പത്തികസഹായം നൽകിയവർ**

1 ശ്രീമതി വത്സ ജോസഫ് നെല്ലിശ്ശേരി, എടത്തിരുത്തി

2 ശ്രീമതി അഞ്ജലി വർഗ്ഗീസ് കുറ്റിക്കാട്ട്, ഇരിങ്ങാലക്കുട

3 ശ്രീ. എ.കെ. റപ്പായി & മർത്താ റപ്പായി അരിമ്പുള്ളി പോട്ട C/o. ഫാ. ബെന്നി അരിമ്പുള്ളി

4 ശ്രീ. സേവ്യർ ചാക്കോ പറയൻന്തോറ, കൊച്ചി

5 ശ്രീമതി ലീന വിൻസന്റ് താടിക്കാരൻ, എടത്തിരുത്തി

6 റവ. ഫാ. റോക്കി വാഴപ്പിള്ളി, സെന്റ് ജോസഫ് ഭവൻ, ചാലക്കുടി

7 വെ. റവ. ഫാ. വികാർ & മതബോധന യൂണിറ്റ്, സെന്റ് മേരീസ് ഫൊറോന പള്ളി, ചാലക്കുടി

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ**
റെക്ടർ

## രൂപതയിലെ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും 2011–12 ലെ വാർഷിക തെരട്ട് രൂപത കേന്ദ്രത്തിൽ സമർപ്പിക്കുവാനുള്ള തിയ്യതി.

**16/07/12**

9.45 AM : Madyavirudha Samithi
10.15 AM : Catholic Movement
11.00 AM : Charismatic Movement
12.00 PM : CYM
2.30 PM : CLA
3.30 PM : C. Mission League

**17/07/12**

9.45 AM : Franciscan Association
10.15 AM : Jesus Youth
11.15 AM : Altar Boy's Association
11.45 AM : Legion of Mary
2.30 PM : CLC
3.30 PM : Communication Media
4.00 PM : KCSL

**18/07/12**

9.45 AM : Holy Childhood
10.15 AM : Jesus Fratemity
10.45 AM : Sacristan Fellowship
11.45 AM : Catholic Mother Union
2.30 PM : Women's Commission
3.15 PM : Vocation Promotion
3.45 PM : St. Vincent De Paul

**19/07/12**

9.45 AM : St. James Hospital
: St. James Medical Acadamy
: St. Joseph Bhavan
10.15 AM : Nurses Guild
11.00 AM : Sanjo Sadan
11.30 AM : Navachaithanya
2.00 PM : Social Action Forum
3.00 PM : Sweet Home

**20/07/12**

09.45 AM : Madras Mission
11.00 AM : St. Antony's Balabhavan
Vianny Home
2.00 PM : Spirituality Centre
3.00 PM : BLM, BLM Press, MTC
Keralasabha

**23/07/12**

9.45 AM : Corporate Edu. Agency
10.30 AM : Jesus B. Ed. College
11.30 AM : Ave Maria TTI
2.00 AM : Teachers Guild
2.30 P : SanthiSadan, & Kolping Press

**24/07/12**

9.45 AM : Abhaya Bhavan
10.30 AM : AVARD
11.00 AM : IDET, Sahrdaya College
2.00 PM : Pro-Life
2.30 PM : PACS & Family Apostolate
3.30 PM : PWF
4.00 PM : Mercy Trust, Bless A Home

**27/07/12**

9.45 AM : Catechism
10.30 AM : Justice Forum
11.00 AM : Bible Apostolate
12.00 PM : Vidyajyothi
2.00 PM : Prathyasa
3.00 PM : Minor Seminary, IJK
Thiruhrudaya Bhavan

## തെരട്ട് സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട കാര്യങ്ങൾ

Therattu Book, Therattu Form 2 copy, Cash Book, Ledger, Bills and Vouchers, S.B Pass book, F.D. Receipts, Internal Audit Report, CA Audited Statement

NB: എല്ലാ സംഘടനകളും തെരട്ട് റിപ്പോർട്ടിന് ഒപ്പം Chartered Accountants Audited Statement ഹാജരാക്കണം.

നസ്ഥാപനങ്ങളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും കണക്കിന്റെ CA ഓഡിറ്റ് രൂപതാഭവനത്തിൽ വരുന്ന ഓഡിറ്റേഴ്സിനെക്കൊണ്ട് നിർവ്വഹിക്കണമെന്നുള്ളവർ ജൂൺ 1- ന് മുൻപ് ഇവിടെ വിവരം അറിയിക്കേണ്ടതാണ്.

### പള്ളിക്കണക്കുകൾ രൂപതാഭവനത്തിൽ CA ഓഡിറ്റ് ചെയ്യുന്നതിനുള്ള ഫീസ്

| | | |
|---|---|---|
| മൊത്തം വരവ് 5 ലക്ഷത്തിൽ കുറവ് | : | 800 രൂപ |
| മൊത്തം വരവ് 10 ലക്ഷത്തിൽ കുറവ് | : | 950 രൂപ |
| മൊത്തം വരവ് 10 ലക്ഷത്തിൽ കൂടുതൽ | : | 1200 രൂപ |

**ഫിനാൻസ് ഓഫീസർ**

# അൾത്താര സംഘം

### സാവിയോ ഫെസ്റ്റ് – 2012

അൾത്താര സംഘത്തിന്റെ വാർഷിക കൺവെൻഷനും, വി. ഡൊമിനിക് സാവിയോ ദിനാചരണവും 2012 മേയ് 5 ശനിയാഴ്ച ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ്ഹാളിൽ സംഘടിപ്പിച്ചിരിക്കുന്നു. അൾത്താര സംഘടനാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുക, സംഘടനാപ്രവർത്തനങ്ങൾ ഇടവകയിൽ കൂടുതൽ കാര്യക്ഷമമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് അന്നേദിവസത്തെ പരിപാടികൾ ക്രമീകരിച്ചിട്ടുള്ളത്. മഹത്തായ ഈ സദുദ്യമത്തിലേക്ക് എല്ലാ അൾത്താരബാലന്മാർക്കും സ്വാഗതം.

വി. കുർബാനയും ക്ലാസ്സും കലാപരിപാടികളും വിശ്വാസറാലിയും ഉൾപ്പെടുന്ന ഈ കൺവെൻഷൻ രാവിലെ 9 മണിക്ക് ആരംഭിച്ച് ഉച്ചതിരിഞ്ഞ് 3.30ന് അവസാനിക്കുന്നതാണ്. ഈ കൺവെൻഷന് ഒരു ഇടവകയിൽനിന്ന് മിനിമം 10 പേരെയെങ്കിലും പറഞ്ഞയയ്ക്കേണ്ടതാണ്.

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

## ഇടയന്റെ നാളുകൾ

**മെയ് 2012**

| | | |
|---|---|---|
| 1 | 6.30 am | പാക്സ് കല്ലേറ്റുംകര |
| | 9.00 am | എടക്കുളം |
| | 7.00 pm | മേട്ടിപ്പാടം പള്ളി |
| 2 | 10.00 am | പാക്സ് കല്ലേറ്റുംകര |
| | 5.00 pm | പഴൂക്കര പള്ളി |
| 3 | 7.15 am | കത്തീഡ്രൽ ഇരിങ്ങാലക്കുട |
| | 2.00 pm | പോട്ട പള്ളി |
| 4 | | പ്രാർത്ഥനാദിനം |
| 5 | 9.30 am | കത്തീഡ്രൽ ഇരിങ്ങാലക്കുട |
| | 6.00 pm | താഴൂർ പള്ളി |
| 6 | | ഇടയസന്ദർശനം – മറ്റത്തൂർ പള്ളി |
| 7 | 10.00 am | പാക്സ് കല്ലേറ്റുംകര |
| 8 | | സന്ദർശകദിനം |
| 9 | 10.30 am | ആളൂർ പള്ളി |
| | 4.00 pm | ചാലക്കുടി മെഡിക്കൽ അക്കാദമി |
| 10 | 10.00 am | കത്തീഡ്രൽ ഇരിങ്ങാലക്കുട |
| | 5.30 pm | ഏനമ്മാവ് കോൺവെന്റ് |
| 11 | | പ്രാർത്ഥനാദിനം |
| 12 | 6.30 am | മൈനർ സെമിനാരി ഇരിങ്ങാലക്കുട |
| | 10.00 am | പുല്ലൂർ പള്ളി |
| | 12.30 pm | സഹൃദയ കോളേജ്, കൊടകര |
| | 2.00 pm | മൈനർ സെമിനാരി ഇരിങ്ങാലക്കുട |
| 13 | | ഇടയസന്ദർശനം – കുറ്റിക്കാട് ഫൊറോന പള്ളി |
| 14 | 10.00 am | മൈനർ സെമിനാരി ഇരിങ്ങാലക്കുട |
| 15 | | സന്ദർശകദിനം |
| 16 | 11.30 am | മൈനർ സെമിനാരി ഇരിങ്ങാലക്കുട |
| 17 | 6.30 am | അൽവേർണിയ കോൺവെന്റ് |
| 18 | | പ്രാർത്ഥനാദിനം |
| 19 | 10.30 am | കോട്ടാറ്റ് |
| | 12.00 noon | ചാലക്കുടി പള്ളി |
| 20 | | തൃശ്ശൂർ, ഊരകം |
| 21 | 10.30 am | AVARD ചാലക്കുടി |
| 22 | | സന്ദർശകദിനം |
| 23 | 11.30 am | W. ചാലക്കുടി പള്ളി |
| | 2.00 pm | മൈനർ സെമിനാരി ഇരിങ്ങാലക്കുട |
| 24 | 7.15 am | കത്തീഡ്രൽ ഇരിങ്ങാലക്കുട |
| 25 | | പ്രാർത്ഥനാദിനം |
| 26 | 10.00 am | തുരുത്തിപറമ്പ് പള്ളി |
| 27 – 31 | | ഇരിങ്ങാലക്കുട |

## ഇടയന്റെ ഇന്നലെകൾ

**ഏപ്രിൽ 2012**

| | | |
|---|---|---|
| 1 | 6.00 am | കത്തീഡ്രൽ ദേവാലയത്തിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 3.30 pm | കനകമല ഇടവകയിൽനിന്ന് പണിതീർത്ത ഒരു ഭവനത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. |
| | 4.00 pm | രൂപതയുടെ കനകമല തീർത്ഥാടന പദയാത്ര ഉദ്ഘാടനം ചെയ്തു. മലമുകളിൽ വി. ബലി അർപ്പിച്ചു. |
| 2 | 9.45 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ മൂറോൻ തൈലം വെഞ്ചരിപ്പിന് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 11.45 am | രൂപതയിൽ 2012 ഏപ്രിൽ മുതൽ 2013 മാർച്ച് വരെ ആചരിക്കുന്ന യുവജനവർഷത്തിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു. |
| 3 | 6.30 am | മൈനർ സെമിനാരിയിൽ മേജർ–മൈനർ പട്ടങ്ങൾ സ്വീകരിക്കുന്ന സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി. |
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 2.00 pm | മൈനർ സെമിനാരിയിൽ ഈ വർഷം മേജർ –മൈനർ പട്ടങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 4 | 11.30 am | രൂപതയിലെ ചെറുപുഷ്പമിഷൻ ലീഗ് ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തി. |
| 5 | 7.00 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ പെസഹാവ്യാഴ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 3.30 pm | കുഴിക്കാട്ടുശ്ശേരി ഹോളിഫാമിലി മഠത്തിൽ റവ. സി. എത്തൽറെഡ് CHF-ന്റെ ശവസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. |
| 6 | 7.00 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 4.00 pm | കത്തീഡ്രൽ ഇടവകയിലെ പരിഹാരപ്രദക്ഷിണത്തിൽ പങ്കെടുത്തു. |
| 7 | 6.30 am | കത്തീഡ്രൽ ദേവാലയത്തിൽ വലിയശനിയുടെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 11.00 am | വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് ഈസ്റ്റർ സന്ദേശം കൈമാറി. |
| 8 | 2.30 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ ഈസ്റ്റർ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 10.00 am | ഇരിങ്ങാലക്കുട സബ് ജയിലിൽ ഈസ്റ്റർ ആഘോഷപരിപാടികളിൽ പങ്കെടുത്തു. |
| 9 | 9.00 am | ഇരിങ്ങാലക്കുട രൂപതയിലെ റീജൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി. |
| | 3.00 pm | രൂപതയിലെ AVARD-ന്റെ ഡയറക്ടർ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. |
| 10 | 6.30 am | കാട്ടുങ്ങച്ചിറ സാന്ത്വനസദനത്തിൽ വി. ബലി അർപ്പിച്ചു. |
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 3.30 pm | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| 11 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു. |
| | 3.00 pm | രൂപതയിലെ റീജൻസി ബ്രദേഴ്സിനെ രൂപതാഭവനത്തിൽ സ്വീകരിച്ച് സമ്മാനങ്ങൾ നൽകി. |
| 12 | 11.00 am | താഴേക്കാട് പള്ളിയിൽ വി. ബലി അർപ്പിച്ചു. |
| | 3.00 pm | സഹൃദയ എൻജിനീയറിംഗ് കോളേജിന്റെ ട്രസ്റ്റ് ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 5.00 pm | രൂപതാഭവനത്തിൽ നടന്ന ഫോറം ഫോർ ഫെയ്ത്ത് & ഡിഫൻസ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 13 | 6.30 am | ആളൂർ ബി.എൽ.എം സെന്ററിൽ വി. ബലി അർപ്പിച്ചു. |
| 14 | 10.30 am | ബ്ലസ് എ ഹോം കുടുംബക്ഷേമ പദ്ധതിയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 2.30 pm | ബ്ലസ് എ ഹോം പദ്ധതിയുടെ രണ്ടാം വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു. |
| | 5.00 pm | പേരാമ്പ്ര ഇടവകയിൽ കൈക്കാരന്മാരുടെ സംഗമത്തിന് വി. കുർബാന അർപ്പിച്ചു. |
| 15. | 10.30 am | ആളൂർ MTC-യിൽ രൂപത KCYM-ന്റെ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. |
| | 2.30 pm | പൊറത്തിശ്ശേരി സെന്റ് സെബാസ്റ്റ്യൻ ഇടവകയുടെ പുതിയ ദേവാലയം കൂദാശ ചെയ്തു. |
| | 7.00 pm | പൊറത്തിശ്ശേരിയിൽ പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| 16 | 6.30 am | ഇരിങ്ങാലക്കുട ഉദയ പ്രൊവിൻഷ്യൽഹൗസിൽ വി. ബലി അർപ്പിച്ചു. |
| | 11.00 am | പോട്ട ഹോളിക്രോസ് കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു. വൃദ്ധമന്ദിരം ആശീർവ്വദിച്ചു. |
| | 6.00 pm | തൊട്ടിപ്പാൾ സെന്റ് മേരീസ് ഇടവകയുടെ ദശവത്സരാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. |
| 17 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു. |

| | | |
|---|---|---|
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു. |
| 18. | 6.30 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ മെത്രാഭിഷേകത്തിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. |
| | 7.30 am | ഇരിങ്ങാലക്കുടയിലെ എല്ലാ സ്ഥാപന അധികാരികളോടും മാർ ജെയിംസ് പഴയാറ്റിൽ പിതാവിനോടും കൂടെ മെത്രാഭിഷേകത്തിന്റെ രണ്ടാം വാർഷികം ആഘോഷിച്ചു. |
| | 11.00 am | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു |
| | 5.00 pm | മതിലകം ഇടവകയിൽ പുതുക്കി പണിത പെരിഞ്ഞനം സെന്റ് സെബാസ്റ്റ്യൻ കപ്പേള വെഞ്ചരിച്ചു. |
| | 6.00 pm | രൂപതാഭവനത്തിൽ നടന്ന ഫിനാൻസ് കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| 19 | 10.30 am | കോട്ടയം S.H. സന്യാസിനീസമൂഹത്തിന്റെ ജനറലേറ്റിൽ രജത–സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സംഗമത്തിൽ വി. ബലി അർപ്പിച്ചു. |
| 20 | 6.45 am | ആളൂർ നവചൈതന്യയിൽ വി. ബലി അർപ്പിച്ചു. |
| | 10.30 am | രൂപതയുടെ ആലോചനാസമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| 21 | 10.00 am | കത്തീഡ്രൽ ഇടവകയിൽ റവ. ഫാ. വിൽസൻ മൊയലൻ CMI-യുടെ രജതജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. |
| | 2.30 pm | മെഴ്സി ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| 22 | | ചെന്നൈയിൽ ചിന്നമല, വേളാച്ചേരി ഇടവകകൾ സന്ദർശിച്ചു. |
| 23 | 11.00 am | ഇരിങ്ങാലക്കുട രൂപതയ്ക്കുവേണ്ടി ഈ വർഷം റീജൻസി ചെയ്യുന്ന സെമിനാരിക്കാരുടെ വികാരിയച്ചന്മാരുടെയും മാതാപിതാക്കളുടെയും സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 2.30 pm | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| 24 | 6.30 am | കല്ലേറ്റുംകര പാക്സിൽ വി. ബലി അർപ്പിച്ചു. |
| | 9.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | രൂപതയിലെ വിവിധ സ്ഥാപനങ്ങളുടെ ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 6.30 pm | ഇരിങ്ങാലക്കുടയിൽ മർത്ത സന്യാസിനി സമൂഹത്തിന്റെ നല്ലിടയൻ കോൺവെന്റിൽ തിരുന്നാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. |

| | | |
|---|---|---|
| 25 | 10.00 am | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| | 12.15 pm | അമ്പഴക്കാട് ഫൊറോന ദേവാലയത്തിൽ റവ. ഫാ. ഡേവിസ് മാളിയേക്കലിന്റെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. |
| | 5.00 pm | പുത്തൻചിറ ഫൊറോന ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു; ദൈവദാസൻ റവ. ഫാ. ജോസഫ് വിതയത്തിലിന്റെ അനുസ്മരണ സമ്മേളനത്തിൽ പ്രഭാഷണം നടത്തി. |
| 26 | 10.00 am | മാള കാർമ്മൽ കോളേജിൽ CMC ഉദയ പ്രൊവിൻസിലെ സന്യസ്തരുടെ സഭാവസ്ത്ര സ്വീകരണത്തിലും സുവർണ്ണജൂബിലി ആഘോഷത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 2.30 pm | ഹോളിഫാമിലി സന്യാസിനിസമൂഹത്തിന്റെ ജനറലേറ്റിന്റെ കീഴിൽ സംഘടിപ്പിക്കുന്ന കുടുംബകൺവെൻഷ ന്റെ കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. |
| | 5.30 pm | രൂപതയിലെ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വൈന്തല ഇടവകയിൽ നടത്തുന്ന കുടുംബോത്സവത്തിൽ വി. ബലി അർപ്പിച്ചു. |
| 27 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ ക്ലാരിസ്റ്റ് കോൺവെ ന്റിൽ വി. ബലി അർപ്പിച്ചു. |
| | 3.00 pm | രൂപതയിലെ ജീസസ് യൂത്ത് സംഘടിപ്പിച്ച 'ഏയ്ഞ്ചൽസ് മീറ്റ്'ൽ വി. ബലി അർപ്പിച്ചു. |
| 28 | 9.00 am | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ ഡീക്കൻ ഫ്രാൻസിസ് ജോസ് SVD-ക്ക് തിരുപ്പട്ടം നൽകി. |
| | 5.00 pm | ആനന്ദപുരം ആശാഭവന്റെ 16–ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. |
| 29 | 9.15 am | അരിമ്പൂർ ഇടവകയിൽ പ്രഥമദിവ്യകാരുണ്യ സ്വീകരണ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 4.30 pm | ആലമറ്റം ഇടവകയുടെ സുവർണ്ണജൂബിലി സമാപന ചടങ്ങുകളിൽ പങ്കെടുത്തു. |
| 30 | 9.00 am | വിവിധ മീറ്റിങ്ങുകളിൽ പങ്കെടുത്തു. |
| | 6.00 pm | ഇരിങ്ങാലക്കുടെ മൈനർ സെമിനാരിയിൽ ദൈവവിളിധ്യാനം ഉദ്ഘാടനം ചെയ്തു. |